# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഡിസംബർ 5 | ദീപം 57 | നാളം 39 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# മൈക്രോ മൈനോരിറ്റി- കേന്ദ്രസർക്കാർ കണ്ണു തുറക്കുമോ?




ഷെവലിയർ അഡ്വ. വി. സി. സെബാസ്റ്റ്യൻ



**വൈ**വിധ്യങ്ങളേറെയുള്ള ഇന്ത്യയെ ഒറ്റച്ചരടിൽ കോർത്തുനിർത്താൻ ധിഷണാശാലികളും വിവേകമതികളുമായ ഭരണഘടനാശില്പികൾ വിശാലകാഴ്ചപ്പാടോടെ നിർവഹിച്ച നിസ്വാർഥസേവനത്തിന്റെയും ആത്മസമർപ്പണത്തിന്റെയും കരുത്താണ് കഴിഞ്ഞ ഏഴരപ്പതിറ്റാണ്ടിലേറെയായി ഭാരതസമൂഹത്തെ മുന്നോട്ടുനയിക്കുന്നത്. ജനാധിപത്യത്തിന്റെ അന്തഃസത്ത ഉയർത്തിപ്പിടിച്ച്, പൗരസമത്വത്തിന്റെ നിലപാടുകളിലുറച്ച്, ഭരണഘടന ഭാഷാ-മത ന്യൂനപക്ഷങ്ങൾക്കു നൽകുന്ന കരുതലും സംരക്ഷണവും ഒപ്പം, ജുഡീഷ്യറി നിർവഹിക്കുന്ന രക്ഷാകർത്തൃത്വവും ഒറ്റവാക്കിൽ ഒതുക്കാനാവില്ല.

ഇന്ത്യൻഭരണഘടന പൗരന്മാർക്കു വാഗ്ദാനം ചെയ്യുന്ന തുല്യതയ്ക്കൊപ്പം ന്യൂനപക്ഷങ്ങൾക്കു പ്രത്യേക സംരക്ഷണവും ന്യൂനപക്ഷാവകാശങ്ങളിന്മേൽ ഉറപ്പും നൽകുന്നു. ജനാധിപത്യത്തിന്റെ അന്തഃസത്ത ഉയർത്തിപ്പിടിച്ച്, പൗരസമത്വത്തിന്റെ നിലപാടുകളിലുറച്ച് ഭാഷാ-മതന്യൂനപക്ഷങ്ങൾക്കു നൽകുന്ന കരുതലും സംരക്ഷണവും അതിനു ജുഡീഷ്യറി നിർവഹിക്കുന്ന രക്ഷാകർത്തൃത്വവും നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന സ്വഭാവത്തിൽ ഉൾപ്പെടുന്ന ഘടകങ്ങളാണ്.

ജനാധിപത്യഭരണപ്രക്രിയയിൽ ഭൂരിപക്ഷം, ന്യൂനപക്ഷം എന്നീ പദങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്. ജനാധിപത്യത്തിൽ ഭൂരിപക്ഷത്തിന്റെ തീരുമാനങ്ങൾക്കാണു പ്രസക്തി. അതിനാൽ, ന്യൂനപക്ഷങ്ങൾ അടിച്ചമർത്തപ്പെടാനുള്ള സാധ്യതയേറും. ഇതൊഴിവാക്കാനുള്ള സംരക്ഷണകവചമാണ് ഇന്ത്യൻഭരണഘടന വളരെ ദീർഘവീക്ഷണത്തോടെ ഒരുക്കിയിരിക്കുന്നത്. ഇവിടെയാണ് ഭരണഘടനാശില്പികളുടെ പ്രതിബദ്ധത നാം തിരിച്ചറിയേണ്ടത്. അതിനാൽത്തന്നെ, ന്യൂനപക്ഷപദവി അവകാശത്തെക്കാൾ ഒരു പടികൂടി ഉയർന്നുള്ള സംരക്ഷണമാണ്. ന്യൂനപക്ഷങ്ങളിൽ ആത്മവിശ്വാസവും സുരക്ഷിതത്വബോധവും വളർത്തിയെടുക്കുന്നതിനാണ് ന്യൂനപക്ഷങ്ങൾക്കു ഭരണഘടനപ്രത്യേക സംരക്ഷണമേർപ്പെടുത്തിയിരിക്കുന്നതെന്ന് സുപ്രീം കോടതിയുടെ ടി.എം.എ.പൈ. ഫൗണ്ടേഷൻ വിധിന്യായത്തിൽ എടുത്തുപറയുന്നുണ്ട്.

**ചരിത്രപശ്ചാത്തലം**

ഭരണഘടനയുടെ 14 മുതൽ 30 വരെയുള്ള വിവിധ ആർട്ടിക്കിളുകളിൽ ഇന്ത്യയിലെ മതന്യൂനപക്ഷത്തിന്റെ വിവിധ തലങ്ങളിലുള്ള സംരക്ഷണം ഉൾപ്പെടുത്തിയിരിക്കുന്നു. ഇവിടെയൊരിടത്തും ആരൊക്കെയാണു മതന്യൂനപക്ഷങ്ങളെന്നു വിശദീകരിക്കുന്നില്ല. സ്വാതന്ത്ര്യം പ്രാപിച്ച് 45 വർഷത്തിനുശേഷമാണ് കേന്ദ്രസർക്കാർ ന്യൂനപക്ഷ കമ്മീഷൻ ആക്ടിനു രൂപം നൽകിയത്. നാഷണൽ കമ്മീഷൻ ഫോർ മൈനോരിറ്റീസ് ആക്ട് 1992 മേയ് 17 ന് നിലവിൽ വന്നു. ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസപരമായ വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക,രാഷ്ട്രീയപ്രാതിനിധ്യങ്ങൾ, സാമൂഹികസാമ്പത്തിക വികസനം, സുരക്ഷിതത്വം ഉറപ്പാക്കുക എന്നിവയാണ് ഈ ആക്ടിലൂടെ ഗവൺമെന്റ് ലക്ഷ്യമിട്ടത്.




ഈ നിയമനിർമാണത്തിന്റെ പിന്നാമ്പുറങ്ങളിലേക്കു സഞ്ചരിക്കുമ്പോൾ ഒട്ടേറെ കാര്യങ്ങൾ കൂട്ടിവായിക്കാനുണ്ട്.

1975 ജൂൺ 25 നും 1977 മാർച്ച് 21 നുമിടയിലുള്ള 21 മാസക്കാലം പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പ്രഖ്യാപിച്ച അടിയന്തരാവസ്ഥയ്ക്കുശേഷം 1977 മാർച്ച് 24 ന് മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള ജനതാപാർട്ടി രണ്ടു വർഷവും 126 ദിവസവും രാജ്യം ഭരിച്ചു. ജനതാപാർട്ടിയോടൊപ്പം ജനസംഘവുമുണ്ടായിരുന്നു. തുടർന്ന്, ജനതാപാർട്ടിയിൽനിന്ന് ജനസംഘം പിൻവാങ്ങുകയും 1980ൽ എ.ബി. വാജ്പേയിയുടെ നേതൃത്വത്തിൽ ഭാരതീയ ജനതാപാർട്ടി ജന്മം കൊള്ളുകയും ചെയ്തു. ബിജെപിയുടെ ഹിന്ദുത്വ അജണ്ടയിലൂന്നിയ രാഷ്ട്രീയം 1992 ൽ എൽ.കെ. അദ്വാനിയുടെ രഥയാത്രയെത്തുടർന്ന് രാജ്യത്തു വലിയ തോതിലുള്ള ഹിന്ദു ഭൂരിപക്ഷ ഐക്യത്തിലേക്കു നയിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതു മനസ്സിലാക്കി മുസ്ലീംമത വിഭാഗത്തെ കോൺഗ്രസിനോടു ചേർത്തുനിർത്താൻ നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാരിന്റെ ബുദ്ധിയിലുദിച്ചതാണ് ഒരു പരിധിവരെ ന്യൂനപക്ഷ കമ്മീഷൻ ആക്ട്.

1979 ജനുവരി ഒന്നിന് മൊറാർജിദേശായി സർക്കാർ ഇന്ത്യയിലെ സാമൂഹികവിദ്യാഭ്യാസപിന്നാക്കാവസ്ഥ പഠിച്ചു നിർദേശങ്ങൾ സമർപ്പിക്കാൻ മണ്ഡൽ കമ്മീഷൻ രൂപീകരിച്ചു. 1980 ഡിസംബർ 31 ന് രാഷ്ട്രപതി ഗ്യാനി സെയിൽ സിങ്ങിനു റിപ്പോർട്ട് സമർപ്പിച്ചു. 1990 ഓഗസ്റ്റ് ഏഴിന് പ്രധാനമന്ത്രി വി.പി. സിംഗ് റിപ്പോർട്ടു നടപ്പാക്കുമെന്നു പ്രഖ്യാപിച്ചതിനെത്തുടർന്ന് രാജ്യത്തുടനീളം പ്രക്ഷോഭമുണ്ടായി. 1992-ൽ പി.വി. നരസിംഹറാവു പ്രധാനമന്ത്രിയായിരിക്കുമ്പോൾ സുപ്രീംകോടതിയുടെ തീരുമാനത്തിനു വിധേയമായി മണ്ഡൽ കമ്മീഷൻ റിപ്പോർട്ടു നടപ്പിലാക്കിയ സാഹചര്യവും രാജ്യത്തെ മതസാമൂഹികസന്തുലിതാവസ്ഥ നിലനിർത്താൻ ലക്ഷ്യം വച്ചുള്ള ന്യൂനപക്ഷ ആക്ടിന്റെ പശ്ചാത്തലത്തിലുണ്ട്. കോൺഗ്രസ് നേതൃത്വം കൊടുത്ത ഈ മന്ത്രിസഭയുടെ കാലത്ത് അതായത്, 1995 ൽ മുസ്ലീം പ്രീണനത്തിന്റെ ഭാഗമായി പാസാക്കിയ വഖഫ് നിയമഭേദഗതിയിലൂടെയാണ് ഇന്നു കേരളത്തിലും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും ജനങ്ങൾ നേരിടുന്ന വഖഫ് അധിനിവേശത്തിന് ആധാരമായ വകുപ്പുകൾ വഖഫ്നിയമത്തിൽ ഉൾപ്പെടുത്തിയതെന്ന വസ്തുതയുംകൂടി ശ്രദ്ധിക്കുക.

1993 ലെ ഗവണ്മെന്റ് നോട്ടിഫിക്കേഷൻ (SONo.816E) പ്രകാരം മുസ്ലീം വിഭാഗത്തോടൊപ്പം ക്രൈസ്തവർ, സിഖ്, ബുദ്ധർ, പാഴ്സി എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി ന്യൂനപക്ഷവിഭാഗങ്ങളെ ഔദ്യോഗികമായി വിജ്ഞാപനം ചെയ്തു. 2014 ജനുവരിയിൽ മറ്റൊരു നോട്ടിഫിക്കേഷനിലൂടെ ജൈനമതത്തെയും ന്യൂനപക്ഷത്തിൽ ഉൾപ്പെടുത്തി.

**ന്യൂനപക്ഷപദ്ധതികളിലെ വിവേചനം**

2005 ഓഗസ്റ്റ് 15 നു നടന്ന സ്വാതന്ത്ര്യദിനപരേഡിൽ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് രാജ്യത്തെ അഭിസംബോധന ചെയ്ത് എല്ലാ ന്യൂനപക്ഷവിഭാഗങ്ങൾക്കുമായി പതിനഞ്ചിന ന്യൂനപക്ഷക്ഷേമപദ്ധതികൾ പ്രഖ്യാപിച്ചു.തുടർന്ന്, ഇന്ത്യയിലെ മുസ്ലീം ന്യൂനപക്ഷത്തിന്റെ പിന്നാക്കാവസ്ഥ പഠിക്കാൻ നിയോഗിച്ച സച്ചാർ കമ്മിറ്റി 2006 നവംബറിൽ കേന്ദ്രസർക്കാരിനു റിപ്പോർട്ടുംക്ഷേമപദ്ധതിനിർദേശങ്ങളും സമർപ്പിച്ചു. സച്ചാർ കമ്മിറ്റി ഇന്ത്യയിലെ ബിഹാർ, ബംഗാൾ, മധ്യപ്രദേശ്, യു.പി., ഗുജറാത്ത് എന്നീ അഞ്ചു സംസ്ഥാനങ്ങളിലാണ് പഠനം നടത്തിയത്. പ്രധാനമന്ത്രിയുടെ പതിനഞ്ചിന ന്യൂനപക്ഷക്ഷേമപദ്ധതികളിൽ ഈ റിപ്പോർട്ടിലെ ചില നിർദേശങ്ങളും ഇടം നേടി.

ആറ് മതന്യൂനപക്ഷവിഭാഗങ്ങളുള്ളതിൽ കേന്ദ്രസർക്കാർ പഠനം നടത്തിയത് മുസ്ലീം മതവിഭാഗത്തിന്റെ കാര്യത്തിൽ മാത്രമാണെങ്കിലും സർക്കാർ ഖജനാവിൽനിന്നു പണം ചെലവിടുന്നത് ഒരു മതവിഭാഗത്തിനുമാത്രമാകുന്നത് ഭരണഘടനാലംഘനമാണ്. വാസ്തവത്തിൽ ഇതിനെ വെള്ളപൂശാനാണ് എല്ലാ മതന്യൂനപക്ഷവിഭാഗങ്ങൾക്കുമായുള്ള പ്രധാനമന്ത്രിയുടെ പതിനഞ്ചിന ക്ഷേമപദ്ധതികളിൽത്തന്നെ സച്ചാർനിർദേശങ്ങളും ഉൾക്കൊള്ളിച്ചത്. പക്ഷേ, പിന്നീടു സംഭവിച്ചതെന്ത്? ന്യൂനപക്ഷക്ഷേമപദ്ധതികൾ ഒന്നടങ്കം ഒരു മതവിഭാഗത്തിന്റെ കുത്തകയായി മാറിയെന്നുമാത്രമല്ല, ന്യൂനപക്ഷമെന്നാൽ ഈ ആറെണ്ണത്തിലെ ഭൂരിപക്ഷമതവിഭാഗംമാത്രമെന്ന നിലയിലേക്കും അട്ടിമറിക്കപ്പെട്ടു.


▶ 12

# പാലാ ടൗൺ കുരിശുപള്ളിയിൽ
# അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ

**2024 ഡിസംബർ 1 ഞായർ മുതൽ 8 ഞായർ വരെ**

## ജൂബിലിത്തിരുനാൾ പാലായ്ക്കു പുണ്യദിനം

ചരിത്രപ്രസിദ്ധമായ പാലാ ടൗൺ കുരിശുപള്ളിയിൽ പരിശുദ്ധ അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ. ഡിസംബർ 8 – പ്രധാന തിരുനാൾ. പാലാക്കാർ മുഴുവനും മാതാവിന്റെ മുമ്പിൽ ഒത്തുചേരുന്ന പുണ്യദിനം! അമ്മയുടെ അനുഗ്രഹകരങ്ങൾ പാലായുടെമേൽ വിരിയുന്ന മനോഹരമുഹൂർത്തം! ജൂബിലിത്തിരുനാൾ പാലാക്കാർക്ക് ആത്മീയനിർവൃതിയുടെ നിമിഷങ്ങളാണ്.

തങ്ങളുടെ സംരക്ഷികയായ അമ്മയുടെ മുമ്പിൽ കൂപ്പുകൈകളോടെ പ്രാർഥനാനിരതരായി നില്ക്കുന്ന പതിനായിരങ്ങൾ. ജൂബിലിത്തിരുനാൾ പാലായുടെ ദേശീയോത്സവംപോലെ അത്യാഡംബരപൂർവം നടത്താൻ പാലാക്കാർ യാതൊരു മടിയും കാണിച്ചിരുന്നില്ല, ഇപ്പോഴും കാണിക്കുന്നുമില്ല. കുരിശുപള്ളിക്കു മുമ്പിൽ മനോഹരമായ പൂപ്പന്തൽ നിർമ്മിച്ചും നഗരം മുഴുവൻ കൊടിതോരണങ്ങൾ കെട്ടിയും അലങ്കരിക്കുന്നു. നയനാനന്ദകരമായ വൈദ്യുതദീപാലങ്കാരങ്ങൾകൊണ്ട് കുരിശുപള്ളിയും നഗരവീഥിയും വീഥിയുടെ ഇരുവശങ്ങളിലുമുള്ള കടകളും പ്രകാശമാനമാക്കുന്നു. ഭക്തിനിർഭരമായ തിരുക്കർമ്മങ്ങളും മണിക്കൂറുകൾ നീളുന്ന നഗരപ്രദക്ഷിണവും ജപമാലറാലിയുമെല്ലാം ഈ തിരുനാളിനു മാറ്റുകൂട്ടുന്നു. നാടകമേള, സാംസ്കാരികഘോഷയാത്ര, ടൂവീലർ ഫാൻസിഡ്രസ് മത്സരം, ബൈബിളിനെ അടിസ്ഥാനമാക്കിയുള്ള ടാബ്ലോ മത്സരം തുടങ്ങിയവയാണ് പ്രധാന പരിപാടികൾ. ഇത്തവണ ഏഴ്, എട്ട് തീയതികളിലാണ് ജൂബിലിതിരു



നാൾ. ഏഴാംതീയതി രാവിലെ 8 ന് പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥിനികളുടെ മരിയൻ റാലി പാലാ നഗരത്തെ ഭക്തിസാന്ദ്രമാക്കും. ഉച്ചകഴിഞ്ഞ് 2.30 ന് സാംസ്കാരികഘോഷയാത്രയും ഫാൻസിഡ്രസ്, ബൈബിൾ ടാബ്ലോ മത്സരങ്ങളും നടക്കും. എട്ടാംതീയതി വൈകുന്നേരം പ്രസിദ്ധമായ പട്ടണപ്രദക്ഷിണം. സിവൈഎംഎൽ സംഘടിപ്പിക്കുന്ന നാടകമേള ഡിസംബർ ഒന്നിന് തുടങ്ങും.

സ്വർഗവാതിലോളമെത്തിനില്ക്കുന്ന പാലാ കുരിശുപള്ളി ആരിലും അദ്ഭുതമുണർത്തും. അമലോദ്ഭവമാതാവിന്റെ നാമധേയത്തിലുള്ള ഈ കുരിശുപള്ളിയുടെ സന്നിധാനത്തിലെത്തുമ്പോൾ നാം എല്ലാ ദുഃഖവും മറക്കും. ആശ്വാസത്തിന്റെ, അനുഗ്രഹത്തിന്റെ അഭൗമികപ്രപഞ്ചം നാമറിയാതെ നമുക്കു മുമ്പിൽ തുറക്കും. പാലാ കത്തീഡ്രൽ, ളാലം പഴയപള്ളി, ളാലം പുത്തൻപള്ളി എന്നീ മൂന്ന് ഇടവകകളുടെ സംയുക്താഭിമുഖ്യത്തിലാണ് ജൂബിലിത്തിരുനാൾ ആഘോഷിക്കുന്നത്.

ഡിസംബർ 8 ജൂബിലിത്തിരുനാൾദിനം അനുഗ്രഹവർഷത്തിന്റെ ദിനമായി മാതാവിന്റെ ഭക്തർ കാണുന്നു.

–ജോയി മുത്തോലി

### ഡിസംബർ 7 ശനി

| | |
|---|---|
| 5.30 am | വി. കുർബാന, ലദീഞ്ഞ് |
| 8.00 am | മരിയൻ റാലി |
| 2.30 pm | ജൂബിലി സാംസ്കാരിക ഘോഷയാത്ര |
| 3.15 pm | ടൂവീലർ ഫാൻസി ഡ്രസ് മത്സരം |
| 3.45 pm | ബൈബിൾ ടാബ്ലോ മത്സരം |
| 06.00 pm | ആഘോഷമായ പ്രദക്ഷിണം |

### ഡിസംബർ 8 ഞായർ

| | |
|---|---|
| 06.30 am | വി. കുർബാന സന്ദേശം, ലദീഞ്ഞ് |
| 10.00 am | ആഘോഷമായ വി. കുർബാന സന്ദേശം മാർ ജോസഫ് കല്ലറങ്ങാട്ട് |
| 02.00 pm | വി. കുർബാന, സന്ദേശം |
| 4.00 pm | ആഘോഷമായ തിരുനാൾ പ്രദക്ഷിണം |
| 8.45 pm | വിശുദ്ധകുർബാനയുടെ ആശീർവാദം സമ്മാനദാനം |



ജൂബിലിത്തിരുനാൾ ആശംസകൾ!
ചെറുവള്ളിൽ സ്റ്റോഴ്സ്
ടൗൺ ബസ്സ്റ്റാൻഡിനു സമീപം, പാലാ
Ph: 04822- 212360(Shop), 212016, 205429 (Res)
അരി, പലചരക്ക്, കാലിത്തീറ്റ, ബിരിയാണി ഐറ്റംസ്, സ്പൈസസ്, സ്റ്റേഷനറി etc...


ജൂബിലിത്തിരുനാൾ ആശംസകൾ
Pala TIMBERS Since 1969

Dealers in all kinds of Imported and Indian Woods
WHOLESALE & RETAIL
Email:palatimbers@gmail.com www.palatimbers.com
Market Jn., Ramapuram Road, PALA
Mob: 9447073366, 9995444666

ജൂബിലിത്തിരുനാൾ ആശംസകൾ!
i test optics

Opp. Cherupushpam Hospital, PALA Ph: 9188282526
Highway Junction KIDANGOOR Ph: 9188292526
ഞങ്ങളുടെ സവിശേഷതകൾ
• കംപ്യൂട്ടറിന്റെ സഹായത്തോടെ സൗജന്യ നേത്രപരിശോധന • ലോകോത്തര ബ്രാൻഡുകളിലുള്ള ഫ്രെയ്മുകളും ലെൻസുകളും മിതമായ നിരക്കിൽ • രാവിലെ 9.30 മുതൽ വൈകുന്നേരം 7.30 വരെ പരിചയസമ്പന്നരായ ഒപ്ടോമെട്രിസ്റ്റുകളുടെ സേവനം. • വിശാലമായ പാർക്കിങ് സൗകര്യം.

SINCERE BOOKS
GIFTS & STATIONERY
നവീകരിച്ച A/C ഷോറൂം ടൗൺ ഹാളിന്റെ മധ്യഭാഗത്ത്
TOWN HALL BUILDING, PALA. PH: 04822-211157, 9447231238
DISCOUNT SALE upto 30% Selected items
GOVT.BOOKS NCERT TEXTS PAPER DIARIES NOTE BOOKS FILES TOYS
OFFICE STATIONERY GUIDE CALCULATOR SCHOOL / COLLEGE TEXTS
ENGLISH MALAYALAM NOVELS, STORY BOOKS etc...
WHOLESALE & RETAIL

# അഭിരുചിയും ആഭിമുഖ്യവും വിദ്യാഭ്യാസത്തിൽ



ഡോ. തോമസ് മൂലയിൽ

"മൂന്നും രണ്ടും, രണ്ടും മൂന്നും, രണ്ടും രണ്ടെന്നെഴുത്തുകൾ
പതിന്നാലിന്നാറുഗണം പാദം രണ്ടിലുമൊന്നുപോൽ
ഗുരുവൊന്നെങ്കിലും വേണം മാറാതോരോ ഗണത്തിലും
നടുക്കു യതി, പാദാദിപ്പൊരുത്തമിതുകേകയാം."

ഭാഷാധ്യാപകൻ ഇതു നീട്ടിച്ചൊല്ലി. കുട്ടികൾ അന്തംവിട്ടു കേട്ടിരുന്നു. അധ്യാപകൻ ആവർത്തിച്ചുചൊല്ലി. കുട്ടികളെക്കൊണ്ടേറ്റു ചൊല്ലിച്ചു. മിക്കവാറും കുട്ടികൾ ഇതു മനഃപാഠമാക്കി. നോട്ടുബുക്കിൽ എഴുതിക്കൊടുത്തിട്ടു സാർ പറഞ്ഞു: "നാളെ വരുമ്പോൾ എല്ലാവരും കാണാതെ ചൊല്ലിക്കേൾപ്പിക്കണം." പിറ്റേന്ന് കുട്ടികളോടു ചൊല്ലാൻ സാർ പറഞ്ഞു. എല്ലാവരുംതന്നെ ചൊല്ലി. എന്നാൽ ഒരുത്തൻ ബ... ബ...! സാർ അടുത്തുചെന്ന്, ചൊല്ലെടാ എന്നു പറഞ്ഞു. അവൻ ചൊല്ലിത്തുടങ്ങി: "ഒന്നും രണ്ടും മൂന്നും നാലും അഞ്ചുമാറെന്നെഴുത്തുകൾ..." ഒന്നാം ക്ലാസിൽ എണ്ണാൻ പഠിച്ചതിന്റെ ഓർമ അവന്റെ ഉപബോധമനസ്സിൽനിന്നുയർന്നതാവാം അങ്ങനെ ചൊല്ലാൻ കാരണം!

സാറിനരിശം വന്നു. അവന്റെ ചെവിക്കു പിടിച്ചു. അപ്പോൾ അവന്റെ ഡയലോഗ്: "സാറേ, അച്ഛൻ പുതിയ ഓട്ടോ വാങ്ങിച്ചിട്ടുണ്ട്; പരീക്ഷ കഴിഞ്ഞാലുടൻ ഓടിച്ചുതുടങ്ങണം!" സാർ പിടി അയച്ചു...! ചെവിയേന്നു പിടിവിട്ടെങ്കിലും കൈയേന്നു പിടിവിട്ടില്ല. പരീക്ഷ കഴിഞ്ഞ് അവൻ ഓട്ടോ ഓടിച്ചുതുടങ്ങി. പിന്നെ ജീപ്പോടിച്ചു... കുറേക്കഴിഞ്ഞപ്പോൾ അവൻ മെക്കാനിക്കായി. വർക്ക്ഷോപ്പു തുടങ്ങി. മികച്ച വർക്ക്ഷോപ്പ്. നാട്ടുകാർമാത്രമല്ല, അന്യനാട്ടുകാരും അവന്റെ വർക്ക്ഷോപ്പിനു മുമ്പിൽ ക്യൂ നിന്നു...! അവൻ അവന്റെ വഴി സ്വയം കണ്ടെത്തി. അവൻ തെളിച്ച വഴിയേ നടന്നുപോകാൻ വേണ്ട പ്രോത്സാഹനം അധ്യാപകൻ അവനു നല്കി. അവൻ രക്ഷപ്പെട്ടു.

ഏതൊരു കാര്യവും വിജയപ്രദമായി ചെയ്യുന്നതിനു നാലു സുപ്രധാനഘടകങ്ങളുണ്ട്. 1.താത്പര്യം 2. ഉൾച്ചേരൽ 3. ബോധ്യം 4. പ്രതിബദ്ധത. പഠനകാര്യത്തിൽ ഇവ വളരെ പ്രാധാന്യമർഹിക്കുന്നു. ഒരു കാര്യത്തിൽ താത്പര്യമുണ്ടെങ്കിൽ അതിൽ ഉൾച്ചേരും. അതു ബോധ്യം ആർജിക്കാൻ സഹായിക്കും. ബോധ്യമുണ്ടായാൽപ്പിന്നെ പ്രതിബദ്ധത വർധിക്കും. ഒരു കുട്ടിക്കു വിവിധ മേഖലകളിൽ തിളങ്ങാൻ കഴിയുമായിരിക്കും. എങ്കിലും ഏതെങ്കിലും ഒന്നോ രണ്ടോ മേഖലകളിൽ പ്രത്യേക താത്പര്യമുണ്ടാകും. ഉദാഹരണത്തിന്, സയൻസിന്റെ എല്ലാ വിഷയങ്ങളിലും വിജയിക്കാൻ കഴിയുന്ന ഒരു കുട്ടിക്ക് ഒന്നുകിൽ ഫിസിക്സിനോട് അല്ലെങ്കിൽ കെമിസ്ട്രിയോട് പ്രത്യേക താത്പര്യമുണ്ടാകും. അല്ലെങ്കിൽ, സയൻസ് വിഷയങ്ങളിൽ താത്പര്യമില്ലാത്ത കുട്ടിക്ക് ഹ്യുമാനിറ്റീസിനോടു താത്പര്യമുണ്ടാകാം. ആ വിഷയം തിരഞ്ഞെടുത്തു മുമ്പോട്ടുനീങ്ങാനുള്ള ക്രമീകരണം ഉണ്ടായിരുന്നെങ്കിൽ...!

വിദ്യാഭ്യാസമേഖലയിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന ന്യൂസിലൻഡ്, ഫിൻലൻഡ്, ജർമനി മുതലായ രാജ്യങ്ങളിലെ വിദ്യാഭ്യാസത്തിൽ ഇതിനുള്ള ക്രമീകരണം ഉള്ളതായി കാണുന്നു. ഉദാഹരണത്തിന്, ജർമനിയിൽ ഒരു 'ട്രിപ്പിൾ ട്രാക്ക്' സംവിധാനം കാണാം. കുട്ടികൾക്ക് ഈ മൂന്നു ട്രാക്കുകളിൽ ഇഷ്ടമുള്ളതിലൂടെ സഞ്ചരിക്കാൻ കഴിയും. ട്രിപ്പിൾ ട്രാക്ക് സംവിധാനത്തിൽ ഗിംനാസിയം, ഹൗപ്റ്റ്ഷൂളെ, റെയാൽഷൂളെ എന്നിങ്ങനെ മൂന്നു ട്രാക്കുകളാണുള്ളത്. അതിസമർഥൻ, സമർഥർ, ശരാശരിക്കാർ എന്നിങ്ങനെ കുട്ടികളെ വിലയിരുത്തുന്നു. ഏറ്റവും സമർഥർ ഗിംനാസിയത്തിലൂടെയും സമർഥർ റെയാൽഷൂളെയിലൂടെയും ശരാശരിക്കാർ ഹൗപ്റ്റ്ഷൂളെയിലൂടെയും സഞ്ചരിക്കുന്നു. സഞ്ചാരപഥത്തിൽ മികവു തെളിയിച്ചാൽ താഴത്തെത്തട്ടിൽനിന്നു മുകളിലേക്കും, മികവു നിലനിർത്താൻ സാധിക്കാതെവന്നാൽ മുകളിൽ നിന്നു താഴേക്കും നീങ്ങാനുള്ള ക്രമീകരണം ഈ സിസ്റ്റത്തിലുണ്ട്.

ജർമൻ സിസ്റ്റത്തിലെ ട്രിപ്പിൾ ട്രാക്ക് സംവിധാനം തത്ത്വത്തിൽ നമുക്കുമുണ്ട്. പക്ഷേ, ഓരോ ട്രാക്കിന്റെയും ഗുണമേന്മയെപ്പറ്റി ഒട്ടേറെ ആക്ഷേപങ്ങൾ നിലനില്ക്കുന്നു. അതിനും പുറമേ, നമ്മുടെ കുട്ടികൾ ട്രാക്കിനെപ്പറ്റി ചിന്തിക്കുന്നതും തീരുമാനിക്കുന്നതും പത്താം ക്ലാസ് കഴിഞ്ഞാണുതാനും. നമ്മുടെ സംവിധാനത്തിലെ ട്രാക്കുകൾ സയൻസ്ഗ്രൂപ്പ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നിങ്ങനെയാണല്ലോ. കുട്ടികളും രക്ഷാകർത്താക്കളും നെട്ടോട്ടമോടുന്നതു സയൻസ്ഗ്രൂപ്പിനുവേണ്ടിയാണ്. സമർഥർക്കുമാത്രമല്ല, ശരാശരിക്കാർക്കും അതിൽ താഴെയുള്ളവർക്കുംപോലും വേണ്ടത് സയൻസ്ഗ്രൂപ്പാണ്! ആമുഖത്തിൽ സൂചിപ്പിച്ച ഓട്ടോക്കാരൻപോലും പത്തു കടന്നുകൂടിയാൽ സയൻസ്ഗ്രൂപ്പിനേ അപേക്ഷിക്കുകയുള്ളൂ!

ദേശീയവിദ്യാഭ്യാസനയം ശിപാർശ ചെയ്യുന്നത് അഭിരുചിയും ആഭിമുഖ്യവുമനുസരിച്ചുള്ള പഠനരീതിയാണെന്ന കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു. അത് പത്തു കഴിയാൻ നോക്കാതെ മുൻകൂട്ടി ആരംഭിച്ചിരുന്നെങ്കിൽ? അതിന് 6, 7, 8 ക്ലാസുകളിൽ നിലവിലുള്ള വിഷയങ്ങൾ തുടരുന്നതോടൊപ്പം വ്യത്യസ്തങ്ങളായ മേഖലകൾ പരിചയപ്പെടുത്തുകയും പരിശീലനം നല്കുകയും ചെയ്താൽ മെച്ചപ്പെട്ട റിസൾട്ടുണ്ടാകും. ഓപ്ഷണൽ കോഴ്സായി കണക്കാക്കി വിദഗ്ധരുടെ സഹായത്തോടെ കോഴ്സുകൾ ക്രമീകരിച്ചാൽ മതിയാവും. ഓരോ വിദ്യാർഥിക്കും തന്റെ മേഖല തിരിച്ചറിഞ്ഞു പരിപോഷിപ്പിക്കാൻ അതു സഹായമാകും. ഇതിന്റെ തുടർച്ച എന്ന നിലയിലും പത്താംക്ലാസിനുശേഷം നിലവിലുള്ള ട്രിപ്പിൾ ട്രാക്കിന്റെ മുന്നൊരുക്കമെന്ന നിലയിലും 9, 10 ക്ലാസ്സുകളിൽ ട്രിപ്പിൾ ട്രാക്കിലൂടെയുള്ള സഞ്ചാരം ആരംഭിക്കണം.

കേരളസർക്കാർ 2017 ൽ ആരംഭിച്ച KITE എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന Kerala Infrastructure and Technology for Education ഫലപ്രദമായി പ്രവർത്തിക്കുന്നതായി കാണുന്നു. അതിൽ ഇൻഫർമേഷൻ & കമ്യൂണിക്കേഷൻ ടെക്നോളജി, കപ്പാസിറ്റി ബിൽഡിങ്, കണ്ടന്റ് ഡെവലപ്മെന്റ്, സാറ്റലൈറ്റ് ബേസ്ഡ് എജ്യുക്കേഷൻ, സപ്പോർട്ട് & കണക്റ്റിവിറ്റി മുതലായ വ്യത്യസ്തമേഖലകളിൽ കുട്ടികൾക്കു പരിശീലനം നല്കുക എന്ന ലക്ഷ്യമാണുള്ളത്. 5, 6, 7 ക്ലാസ്സുകളിൽ ഇതിനുള്ള പരിശീലനം നല്കി മികവു കാട്ടുന്ന കുട്ടികൾക്ക് അതതു മേഖലകളിൽ മുന്നോട്ടുപോകാൻ സാധിക്കും. എട്ടാം ക്ലാസിലാണ് ഇതിന് അംഗത്വം നല്കുന്നത്. ഇതിലൂടെ 9, 10 ക്ലാസ്സുകളിലെ സയൻസ്ഗ്രൂപ്പിലൂടെയുള്ള സഞ്ചാരത്തിൽ മികവു തെളിയിക്കാൻ സാധിക്കും.



എന്നാൽ, ഈ മേഖലകളിലൂടെ നീങ്ങാൻ കഴിവില്ലാത്തവരും അതേസമയം, മറ്റു മേഖലകളിൽ മികവുറ്റവരുമായ കുട്ടികൾക്ക് അതിനുള്ള മേഖലകൾ തുറന്നിടണം. ഭാഷ, സാഹിത്യം, കല, ചരിത്രം, സംസ്കാരം മുതലായവ ഇതിനുദാഹരണമാണ്. കഥയും കവിതയും സംഗീതവും നാടകവുമൊക്കെ വെറും നേരംപോക്കിനുള്ള പരിപാടികളായി എഴുതിത്തള്ളാതെ, അഭിരുചിയുള്ളവരെ കണ്ടെത്തി അവർക്ക് ആ വഴികളിലൂടെ സഞ്ചരിക്കാനും വിജയിക്കാനും ഉതകുന്ന രീതിയിൽ പരിശീലനം നല്കണം. സ്കൂൾ കായികമേളയും സയൻസ്മേളയും കഴിഞ്ഞു; കലോത്സവം താമസിയാതെ ഉണ്ടാകും. എന്നാൽ, ഈ മേളകൾ മിക്കവാറും തൃശൂർപൂരം പോലെയാണ്. ആനയുടെ എഴുന്നള്ളത്തും കുടമാറ്റവും വെടിക്കെട്ടുമെല്ലാം കഴിഞ്ഞാൽപ്പിന്നെ പൂരപ്പറമ്പു ശൂന്യമാകും. മേളകളിൽ മികവു തെളിയിച്ച കുട്ടികൾക്കു തുടർപരിശീലനം നല്കി അവരുടെ ജീനിയസ് തെളിയിക്കാനുള്ള സംവിധാനം വിദ്യാഭ്യാസപദ്ധതിയിൽ ഉണ്ടാകണം. സിനിമാരംഗത്തെ അരാജകത്വം ഇന്നു ചർച്ചാവിഷയമാണല്ലോ. 'അമ്മ' അന്ത്യശ്വാസം വലിക്കുന്ന ഘട്ടത്തിലെത്തിയിരിക്കുകയാണ്. സൂപ്പർതാരങ്ങൾക്കു താരശോഭ നഷ്ടപ്പെട്ടിരിക്കുന്നു. അവരുടെ കാലം കഴിഞ്ഞിരിക്കുന്നു എന്നു പറയുന്നതാവും കൂടുതൽ ശരി. പുതുതലമുറയ്ക്കു മുൻനിരയിലേക്കു കടന്നുവരാൻ കഴിഞ്ഞിട്ടില്ല. അതേസമയം, തിളങ്ങിനിന്നവരെ ഉയർത്തിക്കൊണ്ടുവന്നിരുന്നെങ്കിൽ ഈ ദുഃസ്ഥിതി ഉണ്ടാകുമായിരുന്നില്ല. അതുകൊണ്ട്, വിദ്യാഭ്യാസമേഖലയിൽ ഒരു പൊളിച്ചെഴുത്തുണ്ടാകണം. ഓരോ കുട്ടിയും ഓരോ പ്രപഞ്ചമാണ്; ഒരു അദ്ഭുതപ്രപഞ്ചം. എജ്യുക്കേഷൻ എന്ന വാക്കിൽ 'എദൂച്ചരെ' 'എദൂക്കാരെ' എന്നീ രണ്ടു ലത്തീൻ വാക്കുകളുടെ സമന്വയം ഉണ്ട്. 'എദൂച്ചരെ'യുടെ അർഥം പുറത്തുകൊണ്ടുവരിക എന്നാണ്. 'എദൂക്കാരെ' യുടെ അർഥം വളർത്തുക, പരിപോഷിപ്പിക്കുക എന്നൊക്കെയാണ്. വിദ്യാഭ്യാസത്തിൽ ഈ രണ്ടു പ്രക്രിയകളും നടക്കണം. അതായത്, വിദ്യാർഥികളിൽ അന്തർലീനമായിരിക്കുന്ന സിദ്ധിവിശേഷങ്ങളെ കണ്ടെത്തി പുറത്തുകൊണ്ടുവരികയും പരിപോഷിപ്പിക്കുകയും വേണം. എന്നാൽ, ഇന്നത്തെ വിദ്യാഭ്യാസത്തിൽ കുട്ടിയിൽ നിക്ഷിപ്തമായിരിക്കുന്ന സിദ്ധികളെ കണ്ടെത്താനും പുറത്തുകൊണ്ടുവരാനും നമ്മൾ പരാജയപ്പെടുന്നു. അതാണ്, മെക്കാനിക്കിനെക്കൊണ്ടു കേകവൃത്തത്തിന്റെ ലക്ഷണമെഴുതിക്കാൻ അയാളുടെ ചെവിക്കു പിടിക്കുന്നതിന് ഭാഷാധ്യാപകനെ പ്രേരിപ്പിച്ചത്! ■




## തുറന്നിട്ട ജാലകങ്ങൾ

ഗ്രന്ഥകർത്താ: ഫാ. സുബിൻ ജോസ് കിടങ്ങേൻ
പ്രസാധനം : ജീവൻ ബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 200




മനുഷ്യനന്മകളിലേക്കുള്ള തീർഥാടനമാണ് തുറന്നിട്ട ജാലകങ്ങൾ. ധ്യാനാത്മകമായ ശൈലി സ്വായത്തമാക്കാൻ അതു സഹായിക്കും. ജീവിതമരുഭൂമികളുടെ പൊള്ളുന്ന അനുഭവത്തിലും മഴപ്പെയ്ത്ത് സ്വപ്നം കാണുന്നു. തീർഥാടനവഴികളിലെ പ്രതീക്ഷയുടെ ഹരിതക്കാഴ്ചകൾ കാണാൻ ഇതു പ്രേരിപ്പിക്കുന്നു.

## മായാത്ത പാദമുദ്രകൾ

ഗ്രന്ഥകർത്താ: ജെ.പി. ദയാനന്ദ്
പ്രസാധനം : ജീവൻ ബുക്സ്, ഭരണങ്ങാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 160





മാനവസമൂഹത്തെ നന്മയിലേക്കും ക്രിസ്തുമാർഗത്തിലേക്കും വചനനാധിഷ്ഠിതജീവിതത്തിലേക്കും നയിക്കാനുതകുന്ന ആശയങ്ങളും ദർശനങ്ങളുമാണ് ദയാനന്ദച്ചന്റെ മായാത്ത പാദമുദ്രകളിലൂടെ അവതരിപ്പിക്കുന്നത്.

# സുവിശേഷത്തിന്റെ സുഗന്ധം പരത്തിയ മഹാവിശുദ്ധൻ



മേരി സെബാസ്റ്റ്യൻ

**ഡിസംബർ മൂന്നിനാണ് വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ. ഗോവയിലെ ബോംജീസസ് ദൈവാലയത്തിൽ പരമ്പരാഗതകാലംമുതൽ പത്തുവർഷത്തിലൊരിക്കലാണ് വിശുദ്ധന്റെ തിരുശ്ശേഷിപ് പരസ്യവണക്കത്തിനായി പ്രതിഷ്ഠിക്കുന്നത്. 2025 ജനുവരി അഞ്ചിന് ഇത്തവണത്തെ പരസ്യവണക്കം സമാപിക്കും.**




**ശീ**ശ്മയുടെ കാലമായിരുന്ന 16-ാം നൂറ്റാണ്ടിൽ ആധ്യാത്മികതയുടെ നഭോമണ്ഡലത്തിൽ വീരോചിതമായി വിരാജിച്ച പുണ്യാത്മാവും ഭാരതത്തിന്റെ ദ്വിതീയാപ്പസ്തോലനുമാണ് വിശുദ്ധ ഫ്രാൻസിസ് സേവ്യർ. അദ്ദേഹത്തിന്റെ ജന്മദേശം സ്പെയിനിലെ നവാറ സ്റ്റേറ്റിലാണ്. 1506 ഏപ്രിൽ ഏഴിന് വിശുദ്ധവാരത്തിലെ ചൊവ്വാഴ്ചയാണ് ജന്മദിനം. രാജകീയപദവിയും പ്രഭുത്വാവകാശവുമുള്ള ജുവാൻ - ഡോണാ മരിയ ദമ്പതികളുടെ ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ ആറാമത്തേതും അവസാനത്തെയുമായ ആൺപൂവാണ് ഫ്രാൻസിസ്. ഇളംപ്രായത്തിൽത്തന്നെ സമാകർഷകമായ മുഖഭാവവും വിനയാന്വിതമായ പെരുമാറ്റവും അനിതരസാധാരണമായ ബുദ്ധിവൈഭവവും അവനിൽ വിളങ്ങിനിന്നു. കുഞ്ഞിനെ ദൈവഭക്തിയിലും ജ്ഞാനതൃഷ്ണയിലും പ്രാർഥനാരൂപിയിലും വളർത്താൻ സുകൃതിനിയായ വത്സലമാതാവ് ഡോണാ മരിയ അതീവശ്രദ്ധാലുവായിരുന്നു.

ഫ്രാൻസിസിന്റെ ബാല്യം പ്രശാന്തസുന്ദരമായിരുന്നെങ്കിലും കൗമാരപ്രായം ഏറെ തിക്താനുഭവങ്ങൾ നിറഞ്ഞതായിരുന്നു. അദ്ദേഹത്തിന്റെ ജന്മഭൂമിയായിരുന്ന നവാറയെ അയൽരാജ്യമായ കോസ്റ്റില ആക്രമിച്ചു കീഴടക്കി. തന്മൂലം, പിതാവിന്റെ രാജകീയപദവിയും മാതാവിന്റെ പ്രഭുത്വാവകാശങ്ങളും നഷ്ടമായി. മാത്രമല്ല, ഫ്രാൻസിസിന്റെ വത്സലപിതാവ് പരലോകം പ്രാപിക്കുകയും ചെയ്തു. കുടുംബത്തിന്റെ അവസ്ഥ തികച്ചും പരിതാപകരവും ശോചനീയവുമായിത്തീർന്നു. എന്നാൽ, ഫ്രാൻസിസിന്റെ സഹോദരന്മാർ നവാറാനിവാസികളെ ഒരുമിച്ചുകൂട്ടി സ്ഥാനഭ്രഷ്ടനാക്കപ്പെട്ട രാജാവിന്റെ നേതൃത്വത്തിൽ ശത്രുക്കൾക്കെതിരേ ആയുധമെടുത്തു. പക്ഷേ, പരാജയത്തിന്റെ പടുകുഴിയിലേക്കാണു വീണ്ടും നിപതിച്ചത്. മാത്രമല്ല, ഫ്രാൻസിസിന്റെ സഹോദരന്മാർ തടവിലാക്കപ്പെടുകയും ചെയ്തു.

ആറുമക്കളുടെ മാതാവും വിധവയും വിവേകിയുമായ ഡോണാ മരിയയുടെ ഹൃദയം നുറുങ്ങിയുള്ള പ്രാർഥനയ്ക്കു ദൈവം ഉത്തരമരുളി. തങ്ങളുടെ കൊട്ടാരവും സ്വത്തുക്കളും നാടുവാഴ്ചയ്ക്കുള്ള അവകാശവും ഒത്തുതീർപ്പിലൂടെ അദ്ഭുതകരമായി അവർക്കു തിരിച്ചുകിട്ടി. ഒപ്പം, ഫ്രാൻസിസിന്റെ സഹോദരന്മാർ തടവറയിൽനിന്നു മോചിതരാവുകയും ചെയ്തു. ഫ്രാൻസിസ് സേവ്യറിന് വയസ്സ് പത്തൊമ്പത്. തന്റെ പ്രിയമാതാവിനോടും സഹോദരങ്ങളോടും യാത്ര പറഞ്ഞ് ഉപരിപഠനത്തിനായി പാരീസ് സർവകലാശാലയിൽ ചേർന്നു. ദൈവശാസ്ത്രം, തത്ത്വശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങിയവയായിരുന്നു പഠനവിഷയങ്ങൾ. കനത്ത ജോലിഭാരം, ഭാരിച്ച ഉത്തരവാദിത്വങ്ങൾ, കർശനമായ നിയമങ്ങൾ തുടങ്ങിയവ ഫ്രാൻസിസിനു താങ്ങാനാവുന്നതിലധികമായിരുന്നു. അമ്മയും സഹോദരങ്ങളും അദ്ദേഹത്തെ വീട്ടിലേക്കു തിരിച്ചുവിളിക്കാൻ തീരുമാനിച്ചു. എന്നാൽ, ക്ലാരസഭയിലെ അംഗമായിരുന്ന സഹോദരിയുടെ തീവ്രമായ പ്രാർഥനയും പ്രത്യാശപകരുന്ന കത്തുകളും ഫ്രാൻസിസിന് ഉണർവും ഉന്മേഷവും പകർന്നു. മകന്റെ വളർച്ചയും ഉയർച്ചയും മനംനിറയെ ആസ്വദിച്ചതിനുശേഷമാണ് പ്രിയ മാതാവ് ഇഹലോകവാസം വെടിഞ്ഞത്.

ഒരുനാൾ അപ്രതീക്ഷിതമായി തന്നേക്കാൾ മുതിർന്നവനും മുടന്തനുമായ ഒരു വിദ്യാർഥിയെ ഫ്രാൻസിസ് തന്റെ കലാലയത്തിൽവച്ചു കണ്ടുമുട്ടി. സ്പെയിനിൽനിന്നുള്ള ഇഗ്നേഷ്യസ് ലയോളയായിരുന്നു ആ നവാഗതൻ. അദ്ദേഹം ഫ്രാൻസിസിനോടു സംസാരിക്കുമ്പോഴൊക്കെ ആന്തരികപ്രചോദനംപോലെ ഇപ്രകാരം പറഞ്ഞിരുന്നു: "മിസ്റ്റർ ഫ്രാൻസിസ്, ഒരുവൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവ് നഷ്ടമായാൽ എന്തു പ്രയോജനം?'' ഫ്രാൻസീസ് എന്ന യുവകോമളന് ഈ വാക്കുകൾ കേൾക്കുന്നതുതന്നെ അരോചകമായിരുന്നു. എങ്കിലും ക്രമേണ ചിന്തയുടെ ചിതയ്ക്കു തീ കൊളുത്താനും ആത്മാവിന്റെ അന്തരാളങ്ങളിൽ ചലനങ്ങൾ ഉളവാക്കാനും ഈ ചോദ്യം കാരണമായി. ലോകമോഹങ്ങളോടും സ്ഥാനമാനങ്ങളോടുമുള്ള മമത വിട്ടകലാൻ തുടങ്ങി. മാത്രമല്ല, സെമിനാരിജീവിതത്തോട് താത്പര്യം ജനിച്ചുതുടങ്ങി. അവരുടെ സൗഹൃദം മേൽക്കുമേൽ വർധിച്ചുവന്നു.

പശ്ചാത്താപവിവശനായ ഫ്രാൻസിസ് തന്റെ ജീവിതം പുതുക്കിപ്പണിയാൻ ആരംഭം കുറിച്ചു. പ്രാർഥന, ധ്യാനം, ഉപവാസം, ഉപവിപ്രവൃത്തികൾ തുടങ്ങിയവ ദിനചര്യകളുടെ ഭാഗമായി മാറി. ഇഗ്നേഷ്യസും മറ്റ് അഞ്ചു സഹോദരങ്ങളും ഫ്രാൻസിസിനൊപ്പം ചേർന്നു. 1537 ൽ ഇവർ ഏഴുപേരും വെനീസിൽവച്ച് വൈദികപട്ടം സ്വീകരിച്ചു. മൂന്നുവർഷത്തെ സുവിശേഷവേലയ്ക്കുശേഷം 1540 ൽ 'സൊസൈറ്റി ഓഫ് ജീസസ്' സ്ഥാപിച്ചു. പോൾ മൂന്നാമൻ മാർപാപ്പയുടെ അനുഗ്രഹാശിസ്സുകളോടെ മിഷൻപ്രവർത്തനങ്ങൾക്കു തുടക്കംകുറിച്ചു. ഇക്കാലയളവിലാണ് പോർച്ചുഗീസ്‌രാജാവ് ഗോവയിൽ മിഷൻപ്രവർത്തനത്തിനായി ഈശോസഭയുടെ സഹായം തേടിയത്. ഫാ. ഫ്രാൻസിസ് സേവ്യർ ഏറെ സന്തോഷത്തോടെ ക്ഷണം സ്വീകരിച്ചു മാർപാപ്പായുടെ അനുമതിയോടും ആശീർവാദത്തോടും സഹപ്രവർത്തകരുടെ പ്രാർഥനാശംസകളോടും കൂടി ഇന്ത്യയിലേക്കു യാത്രതിരിച്ചു. 13 മാസത്തെ കപ്പൽയാത്രയ്ക്കുശേഷമാണ് ഗോവയിൽ എത്തിച്ചേർന്നത്.

ക്രിസ്ത്യാനികളും ഹിന്ദുക്കളും മുസ്ലീംകളും സമ്മിശ്രമായി ജീവിക്കുന്ന നാടാണ് ഗോവ. നിരക്ഷരരും നിർധനരും രോഗികളും നിരാലംബരുമായ മനുഷ്യരോടൊപ്പം അവരെക്കാൾ വിനയാന്വിതനായി ഫാ. ഫ്രാൻസിസ് സുവിശേഷവേല ആരംഭിച്ചു. തെരുവിലൂടെ മണിയടിച്ച് കുട്ടികളെ വിളിച്ചുകൂട്ടി ദൈവരാജ്യത്തെക്കുറിച്ച് സരസമായി സംസാരിച്ചു. ആതുരാലയങ്ങളും തടവറകളും വൃദ്ധസങ്കേതങ്ങളും അദ്ദേഹത്തിന്റെ പ്രവർത്തനമേഖലകളായിരുന്നു. മലർപ്പൊടിയും കഞ്ഞിവെള്ളവും മാത്രമായിരുന്നു മുഖ്യാഹാരം. കന്യാകുമാരി, കൊല്ലം, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൂത്തുക്കുടി, രാമേശ്വരം തുടങ്ങിയ സ്ഥലങ്ങളിൽ സുവിശേഷം പ്രഘോഷിച്ച് അനേകായിരങ്ങൾക്ക് ജ്ഞാനസ്നാനം നൽകി. അദ്ഭുതങ്ങളും അടയാളങ്ങളും നിത്യസംഭവങ്ങളായി മാറി. വീണ്ടും, ഗോവയിലേക്കും അവിടെനിന്നു ജപ്പാനിലേക്കും സുവിശേഷം ഘോഷിക്കാൻ പുറപ്പെട്ടു.

സുവിശേഷപ്രചാരണാർഥം ചൈനയിലേക്കുള്ള യാത്രാമധ്യേ സാൻസിയൻ ദ്വീപിൽവച്ച് ടൈഫോയ്ഡ് പിടിപെട്ടു. 1552 ഡിസംബർ മൂന്നിനു നിത്യവസതിയിലേക്കു യാത്രയായി. ഒരു പോർച്ചുഗീസുകാരന്റെ ഭവനത്തിൽവച്ചായിരുന്നു അന്ത്യം. മൃതശരീരം പെട്ടെന്ന് അഴുകുന്നതിനായി കുമ്മായച്ചാക്കുകൾക്കിടയിൽ നിക്ഷേപിച്ചു. എന്നാൽ, ശാസ്ത്രത്തിന്റെ എല്ലാ കണക്കുകൂട്ടലുകളെയും തെറ്റിച്ചുകൊണ്ട് നൂറ്റാണ്ടുകളായി ഇന്നും അഴുകാത്ത ശരീരത്തോടെ ഗോവയിലെ ബോംജീസസ് ബസിലിക്കയിൽ ആ വിശുദ്ധൻ അന്ത്യവിശ്രമംകൊള്ളുന്നു.

1622 ലാണ് ഗ്രിഗറി അഞ്ചാമൻ മാർപാപ്പാ ഫാ. ഫ്രാൻസിസ് സേവ്യറിനെ വിശുദ്ധനായി പ്രഖ്യാപിച്ചത്. ഡിസംബർ മൂന്നിന് ആഗോളസഭയിൽ വിശുദ്ധന്റെ തിരുനാൾ ആചരിക്കുന്നു. പരമ്പരാഗതമായി പത്തുവർഷത്തിലൊരിക്കലാണ് വിശുദ്ധന്റെ തിരുശേഷിപ്പ് പരസ്യവണക്കത്തിനായി പ്രതിഷ്ഠിക്കുന്നത്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും കോടിക്കണക്കിനു തീർഥാടകരാണ് ഗോവയിലെത്തി വിശുദ്ധന്റെ അനുഗ്രഹങ്ങൾ പ്രാപിച്ചിരിക്കുന്നത്. 2025 ജനുവരി അഞ്ചിന് ഇത്തവണത്തെ പരസ്യവണക്കം സമാപിക്കുന്നു.

■

---

**ശ്രേഷ്ഠമലയാളം**

# കട്ടത്തൈര്



ഡോ. ഡേവിസ് സേവ്യർ

**പാ**ല് ഉറകൂടി ഉണ്ടാകുന്ന കൊഴുത്ത ദ്രാവകമാണ് തൈര് (curd). രേഫച്ചില്ലായ ർ ചേർത്ത് തൈർ എന്നും എഴുതാം. തയിർ എന്നൊരു രൂപഭേദവും ഉണ്ട്. ഇവയെല്ലാം രചനാപാഠം എന്ന നിലയിൽ അംഗീകൃതമാണ്. (തൈര്, തൈർ, തയിര്, തയിർ) തൈരു മത്തുകൊണ്ട് കലക്കി (കടഞ്ഞ്) വെണ്ണയും മോരും വേർതിരിച്ച് പാചകം ചെയ്തും അല്ലാതെയും ഉപയോഗിക്കും. തൈർവില്പനക്കാരനെ തയിരുകാരൻ എന്നു വ്യവഹരിക്കാറുണ്ട്.

പാൽ ഉറയൊഴിച്ചാൽ തൈരു കട്ടയായി കിട്ടണമെന്നില്ല. നന്നായി കാച്ചിക്കുറുക്കി ഉറവച്ചാലേ കട്ടയായ തൈര് ലഭിക്കുകയുള്ളൂ. കടഞ്ഞ് ഉടയ്ക്കാത്ത തൈരിന് കട്ടത്തൈര് എന്നു പറയുന്നു. കട്ടയായ തൈര് എന്നു വിഗ്രഹിക്കുകയും ചെയ്യാം. കട്ട + തൈര് = കട്ടത്തൈര്. "കട്ടത്തൈരും കൂട്ടിയുരുട്ടിയതൊട്ടല്ലതുമൊരു പഞ്ചപ്രസ്ഥം''* എന്നു ഘോഷയാത്രയിൽ (തുള്ളൽ) നമ്പ്യാർ രേഖപ്പെടുത്തിയിട്ടുണ്ട്.

കട്ട, തൈര് എന്നീ വാക്കുകൾ സന്ധി ചെയ്യുമ്പോൾ ഉത്തരപദത്തിന്റെ ആദ്യാക്ഷരം (ത-ത്ത) ഇരട്ടിച്ച് കട്ടത്തൈര് എന്നാകും. ഏകപദത്വപ്രതീതിക്കായി സമാസിക്കേണ്ടതുണ്ട്. തകാരം ഇരട്ടിപ്പില്ലാതെ 'കട്ട തൈര്' എന്ന് അകലമിട്ടെഴുതിയാൽ ദുരർഥപ്രതീതി ഉണ്ടാകും. കൾക്കുക എന്നൊരു പ്രാചീനരൂപം നിലവിലുണ്ടായിരുന്നു. അതിലെ ൾ ലോപിച്ച് കക്കുന്നു കട്ടു (കൾ+തു) കക്കും എന്നിങ്ങനെ കാലരൂപങ്ങൾ ഉണ്ടായി; കള്ളം എന്ന നാമരൂപവും. മറ്റൊരാളിന്റെ വക അയാളുടെ അറിവും സമ്മതവും കൂടാതെ അപഹരിക്കുക എന്നാണ് കക്കുക എന്ന പദത്തിന്റെ അർഥം. കട്ടു എന്ന ഭൂതകാലരൂപത്തിന്റെ വിശേഷണമായ കട്ട** എന്നതിനോട് വിശേഷ്യമായി തൈര് എന്ന് തകാരദ്വിത്വമില്ലാതെ എഴുതിയാൽ മോഷ്ടിച്ച തൈര് എന്നർഥം വന്നുചേരും. അപ്പോൾ, കട്ട + തൈര് = കട്ടത്തൈര് എന്നു സമാസിച്ചുതന്നെ എഴുതണം. എങ്കിലേ വിവക്ഷിതം വ്യക്തമാവുകയുള്ളൂ. സന്ധിചേർക്കാതെ 'കട്ട തൈര്' എന്ന് അകലമിട്ടെഴുതുന്ന പ്രവണത നാൾക്കുനാൾ കൂടിക്കൂടി വരുന്നു. തിരുത്താൻ തയ്യാറാകുന്നില്ലെങ്കിൽ ഭാഷയുടെ ഘടന ശിഥിലമാകുകയും ഭാഷ അപകടത്തിലാവുകയും ചെയ്യും.

*കുഞ്ചൻ നമ്പ്യാർ, ഘോഷയാത്ര (ഓട്ടൻതുള്ളൽ) വ്യാഖ്യാനം, പ്രൊഫ. കെ.വി. രാമചന്ദ്ര പൈ, ലില്ലി ബുക്ക് സെന്റർ, ചങ്ങനാശ്ശേരി, 1988, പുറം-57.

**നമ്പൂതിരിപ്പാട്, കെ.വി. ഡോ. മലയാളമഹാനിഘണ്ടു, വാല്യം III, കേരളസർവകലാശാലാ പ്രസിദ്ധീകരണം, 2009, പുറം- 6.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ദൈവമാണ് നമ്മുടെ അഭയവും ശക്തിയും; കഷ്ടതകളിൽ അവിടുന്ന് സുനിശ്ചിതമായ തുണയാണ്.

സങ്കീർത്തനങ്ങൾ 46:1

**എഡിറ്റോറിയൽ**

# ഭരണഘടനയുടെ പവിത്രത കാത്ത പരമോന്നത വിധിന്യായം

ഇന്ത്യയുടെ മഹത്തായ ഭരണഘടന ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടതിന്റെ (1949 നവംബർ 26) 75-ാം വാർഷികത്തലേന്ന് സുപ്രീംകോടതിയിൽനിന്നു രാജ്യം കേട്ടത് ആശ്വാസദായകമായ വാക്കുകളാണ്. മതേതരത്വവും സോഷ്യലിസവും ഭരണഘടനയുടെ ആമുഖത്തിൽനിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ടവരോട് അതു സാധ്യമല്ലെന്ന് അർഥശങ്കയ്ക്കിടയില്ലാതെ പരമോന്നതകോടതി പറഞ്ഞതു പ്രത്യാശാഭരിതമാണ്. 1976 ൽ അടിയന്തരാവസ്ഥക്കാലത്ത് 42-ാം ഭേദഗതിയിലൂടെ മതേതരത്വം, സോഷ്യലിസം എന്നീ വാക്കുകൾ ആമുഖത്തിൽ ഉൾപ്പെടുത്തിയതിനെതിരായ ഒരുകൂട്ടം റിട്ട് ഹർജികൾ സുപ്രീംകോടതി തള്ളിയതിലൂടെ ഇവ രണ്ടും കോൺസ്റ്റിറ്റ്യൂഷന്റെ അടിസ്ഥാനഘടനയുടെ ഭാഗമാണെന്നും അതിനാൽത്തന്നെ അവ ഭരണഘടനയുടെ ആത്മാവായി തുടരുമെന്നുമാണ് കോടതിയുടെ വിധിത്തീർപ്പെന്നു സാരം.

മതേതരത്വവും സോഷ്യലിസവും ഭരണഘടനയുടെ ആമുഖത്തിൽ ചേർക്കണമെന്ന് 1948 നവംബർ 15 ന് ഭരണഘടനാനിർമാണസഭയിൽ ആവശ്യമുയർന്നെങ്കിലും, ഭരണഘടനയുടെ ഉള്ളടക്കത്തിൽ ഇവ അന്തർലീനമായതിനാൽ, ആമുഖത്തിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നായിരുന്നു പൊതുതീരുമാനം. ഡോ. അംബേദ്കറും ജവഹർലാൽ നെഹ്റുവും ഉൾപ്പെടെയുള്ള നേതാക്കളുടെ അന്നത്തെ തീരുമാനത്തെയാണ് പിന്നീട് 1976 ൽ ഇന്ദിരാഗാന്ധി മറികടന്നതും 42-ാം ഭേദഗതിയിലൂടെ ഇവ ആമുഖത്തിൽ പ്രതിഷ്ഠിച്ചതും. അതെത്രയോ മഹത്തരമായിരുന്നെന്ന് പിന്നീടുള്ള ഓരോ രാഷ്ട്രീയസാഹചര്യവും നന്നായി വിലയിരുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

മതേതരത്വം ഭരണഘടനയുടെ അടിസ്ഥാനഘടനയുടെ ഭാഗമാണെന്ന് കേശവാനന്ദഭാരതി, എസ്.ആർ. ബൊമ്മെ ഉൾപ്പെടെ ഒട്ടേറെ കേസുകളിൽ സുപ്രീംകോടതി നേരത്തേതന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നും ആമുഖത്തിൽനിന്ന് അവ മാറ്റേണ്ടതില്ലെന്നും ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്ന, ജസ്റ്റീസ് പി.വി. സഞ്ജയ്കുമാർ എന്നിവരടങ്ങിയ ബെഞ്ച് ചൂണ്ടിക്കാട്ടി.

ഭരണഘടനയുടെ ആമുഖത്തിൽ മതേതരത്വം മുമ്പ് ഉണ്ടായിരുന്നില്ലെങ്കിൽക്കൂടിയും വിവിധ വിശ്വാസങ്ങളും ആചാരങ്ങളും പിന്തുടരുന്നവരെ വിവേചനമില്ലാതെ തുല്യമായി പരിഗണിക്കുന്നത് രാജ്യത്തിന്റെ ബാധ്യതയാണെന്ന് ആർ.സി. പൗദ്യാൽകേസിൽ വിധിച്ചിരുന്നു. ഇന്ത്യൻസാഹചര്യത്തിൽ വിശാലമായ തലങ്ങളാണ് മതേതരത്വത്തിനുള്ളതെന്ന് ഇസ്മായിൽ ഫാറൂഖി കേസിൽ കോടതി നിരീക്ഷിച്ചിട്ടുണ്ട്.

ഇന്ത്യയിലെ മതേതര, സോഷ്യലിസ്റ്റ് ആശയങ്ങൾ പാശ്ചാത്യരാജ്യങ്ങളുടേതിൽനിന്നു മികച്ചതും വ്യത്യസ്തവുമാണ്. എല്ലാ മതസ്ഥരെയും തുല്യമായും വിവേചനമില്ലാതെയും പരിഗണിക്കാനുള്ള രാജ്യത്തിന്റെ പ്രതിബദ്ധതയാണ് മതേതരത്വം അടിസ്ഥാനപരമായി പ്രതിനിധീകരിക്കുന്നത്. മതനിരപേക്ഷതയെന്നാൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം വെറും മതസഹിഷ്ണുതയല്ല. എല്ലാ മതങ്ങളെയും ആദരിക്കാനും ബഹുമാനിക്കാനുമുള്ള പൗരബോധത്തിലേക്ക് ഓരോ വ്യക്തിയും ഉയരണമെന്ന് ഭരണഘടനാശില്പികൾ വിവക്ഷിക്കുന്നു. ഭരണഘടനയുടെ അനുച്ഛേദം 25(1) പ്രകാരം, ഏതൊരാൾക്കും മനഃസാക്ഷിയുടെ സ്വാതന്ത്ര്യാനുസൃതം ഇഷ്ടമുള്ള മതം സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും അവകാശമുണ്ട്. പൗരന്റെ മൗലികാവകാശമാണിത്. മതപരവും ജീവകാരുണ്യപരവുമായ ആവശ്യങ്ങൾക്കായി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും നടത്തുന്നതിനുമുള്ള അവകാശം ഭരണഘടന ഉറപ്പുനൽകുന്നു.

ഇന്ത്യയിലെ സോഷ്യലിസ്റ്റുദർശനം പ്രാഥമികമായി ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുക എന്നതാണ് അർഥമാക്കുന്നതെന്നു സുപ്രീംകോടതി വിശദീകരിച്ചിട്ടുണ്ട്. അവസരസമത്വം ഉറപ്പുനല്കുന്ന ക്ഷേമരാഷ്ട്രമാക്കാനുള്ള ഭരണകൂടത്തിന്റെ ബാധ്യതയാണ് സോഷ്യലിസം എന്ന വാക്കുകൊണ്ട് അർഥമാക്കുന്നത്. സാമ്പത്തിക, സാമൂഹികസാഹചര്യങ്ങൾ മൂലം ഒരു പൗരനും അവശതയില്ലെന്ന് ഭരണകൂടം ഉറപ്പാക്കുന്നു. അനുച്ഛേദം 19-1 (ജി) പ്രകാരം, സാമൂഹികോന്നമനം, സ്വകാര്യസംരംഭകത്വം, വ്യാപാരം എന്നിവ പൗരന്റെ മൗലികാവകാശമാണ്.

മതേതരത്വവും സോഷ്യലിസവും ഉൾപ്പെടുന്ന ഭേദഗതി നടപ്പായി 44 വർഷത്തിനുശേഷം 2020 ലാണ് ഇവയ്ക്കെതിരായ ഹർജി നല്കിയത് എന്നത് ചോദ്യമുയർത്തുന്നതാണ്. ഭേദഗതിയുടെ മുൻകാലപ്രാബല്യം സാധുതയുള്ളതാണെന്നും, ഭേദഗതിയെ വെല്ലുവിളിക്കുന്നതിനു ന്യായമായ കാരണമൊന്നും നിലനില്ക്കുന്നില്ലെന്നും കോടതി നിരീക്ഷിച്ചു. അനുച്ഛേദം 368 പ്രകാരമുള്ള പാർലമെന്റിന്റെ ഭേദഗതിയധികാരം ആമുഖത്തിനും ബാധകമാണെന്ന് അരക്കിട്ടുറപ്പിക്കുന്നതാണു വിധി.

75-ാം വാർഷികം ആഘോഷിക്കുന്ന ഇന്ത്യൻഭരണഘടനയുടെയും ജനാധിപത്യത്തിന്റെയും വിജയമാണു പരമോന്നതകോടതിയുടെ സുപ്രധാനവിധിത്തീർപ്പ്. സോഷ്യലിസ്റ്റ്, സെക്കുലർ എന്നീ വാക്കുകൾ അടിയന്തരാവസ്ഥക്കാലത്ത് ഇന്ദിരാഗാന്ധി ഗവൺമെന്റ് ഭരണഘടനയുടെ ആമുഖത്തിൽ ചേർത്തതിനെതിരേ, സംഘപരിവാർശക്തികളുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള നീക്കങ്ങൾക്കാണു തിരിച്ചടിയേറ്റത്. ഹിന്ദുത്വവർഗീയ അജണ്ടകളും ഹിന്ദുമതരാഷ്ട്രനീക്കങ്ങളും ജനാധിപത്യ മതേതരമൂല്യങ്ങളിൽ വിശ്വസിച്ചു വേരോട്ടമുള്ള ഇന്ത്യൻജനത ഒരുകാലത്തും അനുവദിക്കില്ലെന്നതിന്റെ സൂചനകൂടിയാണ് സുപ്രീംകോടതിയുടെ സുപ്രധാനവിധി.

# നിയുക്ത കർദിനാൾ മാർ ജോർജ് കൂവക്കാട്ട് മെത്രാനായി അഭിഷിക്തനായി

ചങ്ങനാശ്ശേരി: ഭക്തിനിർഭരവും അനുഗ്രഹധന്യവുമായ നിമിഷത്തിൽ നിയുക്ത കർദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട്ട് മെത്രാനായി അഭിഷിക്തനായി. നവംബർ 24 ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടിന് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ വിദേശത്തുനിന്നും ഇന്ത്യയിൽനിന്നുമുള്ള മെത്രാന്മാരുടെയും വൈദികരുടെയും സന്ന്യസ്തരുടെയും സാന്നിധ്യത്തിലായിരുന്നു മെത്രാഭിഷേകച്ചടങ്ങുകൾ.

സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ മെത്രാഭിഷേകച്ചടങ്ങിൽ മുഖ്യകാർമികനായി. വത്തിക്കാൻ സെക്രട്ടേറിയേറ്റ് സ്റ്റേറ്റ് പ്രതിനിധി ആർച്ചുബിഷപ് ഡോ. എസ്ഗാർ പേഞ്ഞപാർറ, ചങ്ങനാശേരി ആർച്ചുബിഷപ് മാർ തോമസ് തറയിൽ എന്നിവർ സഹകാർമികരായിരുന്നു. മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവ വചനസന്ദേശം നൽകി.

നിയുക്ത കർദിനാൾ മാർ ജോർജ് കൂവക്കാട്ടും മറ്റു മെത്രാപ്പോലീത്തമാരും മെത്രാന്മാരും വൈദികരും പാരിഷ്ഹാളിൽനിന്നു തിരുവസ്ത്രങ്ങളണിഞ്ഞ് കൊച്ചുപള്ളിയിൽ എത്തി പ്രാർഥിച്ച് പന്തലിലൂടെ പ്രദക്ഷിണമായി പ്രധാന കവാടത്തിലൂടെ പള്ളിയിൽ പ്രവേശിച്ചു. ആർച്ചുബിഷപ് മാർ തോമസ് തറയിൽ സ്വാഗതം ആശംസിച്ചു.

മദ്ബഹയ്ക്കു സമീപം പ്രത്യേക പീഠത്തിൽ സ്ഥാപിച്ചിരുന്ന മാർത്തോമ്മാശ്ലീഹായുടെ തിരുശ്ശേഷിപ്പിൽ നിയുക്ത കർദിനാൾ മാർ ജോർജ് കൂവക്കാട്ട് വന്ദനം അർപ്പിച്ചതോടെയാണ് ശുശ്രൂഷകൾക്കു തുടക്കമായത്. മെത്രാഭിഷേകച്ചടങ്ങുകൾക്കുശേഷം മാർ ജോർജ് കൂവക്കാട്ടിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

ഇന്ത്യയുടെ അപ്പസ്തോലിക് നുൺഷ്യോ ആർച്ചുബിഷപ് ലെയോ പോൾദോ ജിറേല്ലി മുഖ്യസന്ദേശം നൽകി. ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ഷംഷാബാദ് സഹായമെത്രാൻ മാർ തോമസ് പാടിയത്ത്, മാർ കൂവക്കാട്ടിന്റെ മാതൃസഹോദരനും ചെത്തിപ്പുഴ തിരുഹൃദയാശ്രമം പ്രിയോറും വികാരിയുമായ ഫാ. ഡോ. തോമസ് കല്ലുകളം എന്നിവർ ആശംസകൾ അർപ്പിച്ചു. മാർ ജോർജ് കൂവക്കാട്ട് മറുപടിപ്രസംഗം നടത്തി.



ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്ന ചടങ്ങിൽ മെത്രാനായി അഭിഷിക്തനായ മാർ ജോർജ് ജേക്കബ് കൂവക്കാട്ടിനൊപ്പം, നിയുക്തകർദിനാൾ ആർച്ചുബിഷപ് ഡോ. റൊളാന്തസ് മാക്റിക്കസ്, ആർച്ചുബിഷപ് മാർ തോമസ് തറയിൽ, മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, കർദിനാൾ മാർ ജോർജ് ആലഞ്ചേരി, അപ്പസ്തോലിക് നുൺഷ്യോ ആർച്ചുബിഷപ് ലെയോപോൾദോ ജിറേല്ലി, ആർച്ചുബിഷപ് ഡോ. എഡ്ഗാർ പേഞ്ഞപാർറ, ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, സീറോ മലങ്കര മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലേയോസ് ക്ലീമിസ് കാതോലിക്കാ ബാവ, ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി, ബിഷപ് മാർ ചാക്കോ തോട്ടുമാരിക്കൽ, ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്, ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് തുടങ്ങിയവർ.

നിയുക്ത കർദിനാൾ ലിത്വാനിയ സ്വദേശി ആർച്ചുബിഷപ് ഡോ. റൊളാന്തസ് മാക്റിക്കസ് ഉൾപ്പെടെ വിദേശത്തുനിന്നും ഭാരതത്തിൽനിന്നുമായി മുപ്പതോളം മെത്രാന്മാരും നൂറുകണക്കിനു വൈദികരും സന്ന്യസ്തതരും അല്മായ പ്രതിനിധികളും ചടങ്ങിൽ സാക്ഷികളായി. മാർ കൂവക്കാട്ടിന്റെ മാതാപിതാക്കളായ ജേക്കബും ലീലാമ്മയും വല്യമ്മ ശോശാമ്മയും മറ്റു കുടുംബാംഗങ്ങളും തിരുക്കർമങ്ങളിൽ പങ്കെടുത്തു.

ഡിസംബർ എട്ടിന് വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നിയുക്ത കർദിനാൾ മാർ ജോർജ് കൂവക്കാട്ടിന്റെ സ്ഥാനാരോഹണം നടക്കും.

ബാലനോവൽ 7

അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

മുറിക്കുള്ളിൽനിന്നു സർപ്പത്തിന്റെ ഓട്ടവും കുതിച്ചുചാട്ടവും ഉയർന്നു. വലിയ സീൽക്കാരശബ്ദം പുറപ്പെടുവിപ്പിച്ചുകൊണ്ട് സർപ്പം മരണവെപ്രാളം കാണിക്കുകയാണ്. ആദ്യത്തെ അടിയിൽ എല്ലാ പാമ്പുകളും കടുത്ത അസ്വസ്ഥതയോടെ അങ്ങോട്ടുമിങ്ങോട്ടും ഓടും. ചിലപ്പോൾ വലിയ ശബ്ദങ്ങളും ഉതിർക്കും.

ജനം അദ്ഭുതസ്തബ്ധരായി ശ്വാസമടക്കിനിൽക്കുകയാണ്. ജീവിതത്തിലാദ്യമായാണ് അവർ സർപ്പകാലനെ നേരിൽ കാണുന്നത്. ഇത്രയുംനാൾ പറഞ്ഞുമാത്രം കേട്ടുള്ള അറിവേ സർപ്പകാലനെക്കുറിച്ചുണ്ടായിരുന്നുള്ളൂ. ഇന്നിതാ അദ്ദേഹത്തെ നേരിൽക്കാണാൻ കഴിഞ്ഞിരിക്കുന്നു.

പാമ്പിന്റെ പരാക്രമങ്ങൾ തുടർന്നുകൊണ്ടിരുന്നു.

"അതേ, താങ്കൾ സംശയിച്ചതുതന്നെ സംഭവിച്ചിരിക്കുന്നു. മഹാരാജാവ് നാടുനീങ്ങിയിരിക്കുന്നു."

''അമ്മേ?'' കാർഫിയൂസ് തളർന്ന് ഭടന്മാരുടെ കൈകളിലേക്കു വീണു."

സർപ്പകാലൻ തന്റെ വടി വീണ്ടും നിലത്ത് ആഞ്ഞടിച്ചു. ജനം പെട്ടെന്നു നിശ്ശബ്ദരായി.

അടുത്തനിമിഷം പാമ്പ് മയങ്ങിവീഴാൻ പോവുകയാണ്.

മുറിക്കുള്ളിലെ സർപ്പത്തിന്റെ സീൽക്കാരവും അസ്വസ്ഥതകളും പൊടുന്നനവേ നിലച്ചു. എങ്ങും നിശ്ശബ്ദത...

എല്ലാ കണ്ണുകളും സർപ്പകാലന്റെ മുഖത്തുതന്നെ തറഞ്ഞുനിന്നു. ഇനിയെന്താണ് അയാൾ ചെയ്യുന്നതെന്നറിയാൻ ആകാംക്ഷയുടെ മുൾമുനയിൽ ജനം നിന്നു.

ഇപ്പോൾ സർപ്പം മയങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇനി അടുത്തേക്കു നോക്കി.

"എന്താ ഇനിയും നിങ്ങൾക്കു ഭയമാണോ? എന്റെ വാക്ക് നിങ്ങൾക്കു വിശ്വാസം വരുന്നില്ല, അല്ലേ?"

"അയ്യോ, പ്രഭോ അങ്ങനെ പറയരുത്. പക്ഷേ, അതിനുള്ള ധൈര്യം ഞങ്ങളിൽ പലർക്കും ഇല്ല."

അവർക്കിടയിലേക്ക് അഡോക്കിയാസ് കടന്നു. ഏറ്റവും ധൈര്യശാലിയായ പടയാളി.

"ഞാൻ വാതിൽ തുറക്കാം."

"അയാൾ വലിയൊരു ചുറ്റിക കൊണ്ടുവന്ന് കൊട്ടാരവാതിലിൽ ആഞ്ഞിടിച്ചു. ആ ശബ്ദം എമ്പാടും മാറ്റൊലിക്കൊണ്ടു. അവസാനം ചിത്രപ്പണിയുള്ള ആ കൂറ്റൻ വാതിൽ തെറിച്ച് മുറിക്കകത്തേക്കു വീണു.

ആ രംഗം കണ്ട് 'അമ്മേ' എന്നലറിക്കൊണ്ട് കാർഫിയൂസ് ബോധമറ്റുവീണു. അഡോക്കിയോസ്പോലും ഞെട്ടി നിലവിളിച്ചുപോയി.



ചുറ്റും നിന്ന ആർക്കും മുറിക്കുള്ളിലേക്കു കയറാൻ പോയിട്ട് ഒന്നെത്തിനോക്കാനുള്ള ധൈര്യം പോലും ഉണ്ടായിരുന്നില്ല.

എങ്കിലും ഏതാനും പേർ മുറിക്കുള്ളിലേക്കു ഭയത്തോടെയാണെങ്കിലും എത്തിനോക്കി.

ആ കാഴ്ച ആരെയും ഞെട്ടിക്കുന്നതായിരുന്നു.

മുറിയുടെ ഒരു മൂലയ്ക്കായി നിശ്ചലമായി തറയിൽ കിടക്കുന്ന മഹാരാജാവ്. സർപ്പവിഷമേറ്റ് ആ ശരീരം കടുംനീലനിറമായിരിക്കുന്നു! കണ്ടാൽ തിരിച്ചറിയാൻ പോലും കഴിയാത്ത അവസ്ഥ.

രാജാവിന്റെ ശവത്തിനു തൊട്ടരുകിൽ കറുത്തിരുണ്ട ഒരു കൂറ്റൻ സർപ്പം ചുരുണ്ടുകൂടി കിടക്കുന്നു. സർപ്പത്തിന്റെ ശരീരത്തിൽ അങ്ങിങ്ങ് വെളുത്ത പൊട്ടുകൾ കാണാം. ത്രികോണാകൃതിയിലുള്ള വലിയൊരു തല. ഏതു വലിയ ജന്തുക്കളെയും മനുഷ്യരെയുംപോലും വിഴുങ്ങാൻ പര്യാപ്തമായ വലിയൊരു വായും ഉണ്ട്. ഏതാണ്ട് ഒരു പത്തടിയോളം നീളവും ഒരു മനുഷ്യന്റെ അതേ തൂക്കവും വരും.

അപ്പോഴും ജനങ്ങൾ അന്യോന്യം ചോദിച്ചു.

''എങ്ങനെ ഇത്രയും വലിയൊരു പാമ്പ് രാജകൊട്ടാരത്തിൽ കയറി? അതും കൃത്യം മഹാരാജാവിന്റെ മുറിയിൽത്തന്നെ കയറിപ്പറ്റി ദംശിച്ചു കൊല്ലുക.

"തിരുമനസ്സിന്റെ ആയുസ്സു തീർന്നു. അപ്പോൾ എങ്ങനെയോ ഒരു പാമ്പ് കയറി വന്നു." ജനം സ്വയം ആശ്വസിക്കാൻ ശ്രമിച്ചു.

"രാജാവിന്റെ ശരീരം ആദ്യം പുറത്തെടുക്കൂ."

സർപ്പകാലൻ ആജ്ഞാപിച്ചു. "ആരും ഭയപ്പെടേണ്ട. സർപ്പം അബോധാവസ്ഥയിലാണ്. അത് ഉടനെങ്ങും ഉണരില്ല."

ഭടന്മാർ അകത്തുകയറി രാജാവിന്റെ ജഡം പുറത്തേക്കിറക്കി പ്രത്യേകം തയ്യാറാക്കിയ ഒരു പരവതാനിയിൽ കിടത്തി. അതുകണ്ട് പ്രജകൾ ഒന്നടങ്കം വാവിട്ടു നിലവിളിച്ചു. കാർഫിയൂസ് ബോധമറ്റു കിടക്കുകയാണ്. ഇളയകുമാരൻ ജഡം കാണാൻ ശക്തിയില്ലാതെ അകത്തെ കിടക്കയിൽ കിടന്ന് ഉച്ചത്തിൽ അലറിക്കരഞ്ഞു. കൊട്ടാരവാസികൾ കുമാരനെ ആശ്വസിപ്പിക്കാൻ ശ്രമിക്കുകയാണ്.

''ഇനി പാമ്പിനെ എടുത്ത് കുതിരവണ്ടിയിൽ കയറ്റൂ." സർപ്പകാലൻ വീണ്ടും പറഞ്ഞു.

ഏതാനും പേർകൂടി സർപ്പത്തിനെ താങ്ങി കുതിരവണ്ടിയിൽ കിടത്തി.

''വേണമെങ്കിൽ ഇതിനെ എനിക്കു കൊല്ലാമായിരുന്നു. പക്ഷേ, ഈ ക്രൂരജന്തുവിനെക്കൊണ്ട് എനിക്കിനിയും ഈ രാജ്യത്ത് ചില കർത്തവ്യങ്ങൾകൂടി നിറവേറ്റാനുണ്ട്. ഞാൻ ഇനിയും എത്തും."

സർപ്പത്തെയുംകൊണ്ട് കുതിരവണ്ടി മെല്ലെ നീങ്ങിത്തുടങ്ങി.

പെട്ടെന്ന് രാജ്യം കണ്ട ഏറ്റവും വലിയ മന്ത്രവാദിയായ മാർജാരൻ ഓടിയെത്തി അലറിപ്പറഞ്ഞു: "വണ്ടി ചലിക്കരുത്. സർപ്പകാലൻ അനങ്ങിപ്പോകരുത്. ഞാനാണു പറയുന്നത്." ആ രംഗം കണ്ട് എല്ലാവരും ഇടിവെട്ടേറ്റതുപോലെ സ്തംഭിച്ചു നിന്നു.

(തുടരും)

"പ്രഭോ'' രാജദൂതൻ ഭയഭക്തിബഹുമാനത്തോടെ സർപ്പകാലനെ വിളിച്ചു.

സർപ്പകാലൻ ദൂതനെ തിരിഞ്ഞുനോക്കി ചോദിച്ചു:

"താങ്കൾക്ക് എന്താണ് അറിയേണ്ടത്?"

"മഹാരാജാവു തിരുമനസ്സിന് എന്തെങ്കിലും?"

"എല്ലാം സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. ഇത്ര വിഷമുള്ള ഒരു സർപ്പത്തിന്റെ സീൽക്കാരത്തിനിടയിൽ വന്നുവീഴുന്ന ദ്രാവകം ശരീരത്തിൽ വീണാൽപോലും മരണം സംഭവിക്കും. പിന്നെ അതു ദംശിച്ചാൽ പറയാനുണ്ടോ?"

"അപ്പോൾ എന്റെ അച്ഛൻ." കാർഫിയൂസിനെ തളർന്നുവീഴാതിരിക്കാനായി ഭടന്മാർ മുറുകെപ്പിടിച്ചിരിക്കുകയാണ്."

അടിയോടെ സർപ്പത്തിന്റെ ജീവൻ അതിന്റെ ശരീരത്തിൽനിന്നു പറന്നുപോകും.

അദ്ദേഹം എന്താണു ചെയ്യുന്നതെന്ന് ആർക്കും ഒരു നിശ്ചയവുമില്ല. ചിലപ്പോൾ മയക്കി കുന്നിൻമുകളിലേക്കു കൊണ്ടുപോയെന്നു വരും. അല്ലെങ്കിൽ ആ നിഷ്ഠുരകർമം ചെയ്ത ജീവിയെ മൂന്നാമത് ഒന്നുകൂടി വടി നിലത്തടിച്ച് വധിച്ചെന്നിരിക്കും...

ഇനി എന്താണു സംഭവിക്കുന്നതെന്നറിയാതെ ജനം അമ്പരന്നു നിൽക്കേ, സർപ്പകാലൻ പറഞ്ഞു:

''നിങ്ങൾ വേഗം വാതിൽ വെട്ടിത്തുറക്ക്."

അതുകേട്ട് എല്ലാവരും ഭയത്തോടെ അന്യോന്യം മുഖ



കുടുംബവിളക്ക് 47

ഫാ. തോമസ് പാട്ടത്തിൽചിറ CMF

# ഉപകാരികൾ

ഉപകാരികളെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ കുടുംബങ്ങൾക്കു കഴിയണം. ആരുടെയെങ്കിലുമൊക്കെ ഉപകാരം കൈപ്പറ്റാത്ത ആരാണ് ഈ ഊഴിയിൽ ജീവിച്ചിട്ടുള്ളത്? നമുക്കു നന്മ വരാൻ ആഗ്രഹിക്കുന്നവരും സന്ദർഭോചിതമായി സഹായഹസ്തം നീട്ടുന്നവരുമായ ഉപകാരികൾ ഉണ്ടാകും. അവരെപ്പറ്റിയുള്ള ഓർമ കുടുംബാംഗങ്ങൾക്കുണ്ടായിരിക്കണം. മറ്റുള്ളവർ നമുക്കു ചെയ്യുന്ന ഒരു ഉപകാരവും നമ്മുടെ അർഹതയോ അവകാശമോ അല്ല; മറിച്ച്, ചെയ്യുന്നവരുടെ ഉദാരമനസ്കതമാത്രമാണ്. ആകയാൽ, അവരോട് ആവുന്നത്ര നന്ദിയുള്ളവരായിരിക്കാൻ നമുക്കു സാധിക്കണം. കുടുംബപ്രാർഥനകളിൽ അവരെ അനുസ്മരിക്കണം. നമ്മുടെ സാന്നിധ്യവും സഹകരണവും അവർക്ക് ആവശ്യമായി വരുമ്പോൾ ഉത്സാഹത്തോടെ അവ നൽകണം. കുടുംബത്തിന് ഏതെങ്കിലും തരത്തിൽ താങ്ങായി നിന്നവരെയും നില്ക്കുന്നവരെയുംകുറിച്ച് മാതാപിതാക്കൾ കുട്ടികൾക്കു പറഞ്ഞുകൊടുക്കണം.

സാമ്പത്തികസഹായം നല്കുന്നവർ മാത്രമല്ല ഉപകാരികളുടെ ഗണത്തിൽപ്പെടുക. നമ്മുടെ അഭിവൃദ്ധി ആഗ്രഹിക്കുന്നവരും നമുക്കുവേണ്ടി പ്രാർഥിക്കുന്നവരും ആവശ്യനേരങ്ങളിൽ ആശ്വാസമായി അരികിൽ നില്ക്കുന്നവരുമെല്ലാം ഒരുപോലെ ഉപകാരികളാണ്. ഉപയോഗിച്ചു വലിച്ചെറിയുന്ന 'ഡിസ്പോസിബിൾസ്' ആകരുത് അവർ. ലഭിച്ച ഉപകാരത്തിന് എപ്പോഴെങ്കിലും പ്രത്യുപകാരം ചെയ്യുന്നതുകൊണ്ടു കടപ്പാടൊന്നും തീരുന്നില്ല. ഓർക്കണം, ഉപകാരസ്മരണയുള്ള കുടുംബം ഒരു പ്രതിസന്ധിയിലും ഉടഞ്ഞുപോകില്ല. സാധ്യമായ പരോപകാരപ്രവൃത്തികൾ ചെയ്യാനും കുടുംബാംഗങ്ങൾ പരിശ്രമിക്കണം. നാം ഇഷ്ടപ്പെടുന്നവർക്കുമാത്രമല്ല, നമ്മെ ഇഷ്ടപ്പെടാത്തവർക്കും ഉപകാരികളായി മാറുമ്പോഴേ നാം യഥാർഥ ക്രിസ്തുശിഷ്യരാകൂ. ആവശ്യപ്പെടുന്നവരുടെ കൂടെനടക്കുന്ന ഒരു മൈൽ ദൂരവും, കൊടുക്കുന്ന ഒരു കവിൾ കുടിവെള്ളവും ഒരു തവി ചോറും ഒരു ഉടുപ്പുമൊക്കെ വിശ്വാസജീവിതത്തിൽ ഒരു ക്രൈസ്തവകുടുംബം സ്വന്തമാക്കുന്ന സുകൃതങ്ങളാണ്. മറ്റുള്ളവരുടെ കഷ്ടപ്പാടുകളിലേക്കും കണ്ണീരിലേക്കും നീളുന്ന ഒരു കാണാക്കരം ഓരോ കുടുംബത്തിനുമുണ്ടാകണം. ജീവിതമാകുന്ന ഭിക്ഷാപാത്രത്തിൽ നമുക്കു വീണുകിട്ടുന്നവയെല്ലാം ദാനങ്ങളാണ് എന്ന അടിസ്ഥാനബോധ്യത്തിൽനിന്നുമാത്രമേ അവ അന്യരുമായി പങ്കുവയ്ക്കുന്നതിനുള്ള ബാധ്യത മുളയെടുക്കുകയുള്ളൂ. ഉപകാരികൾ ആയില്ലെങ്കിലും ഉപദ്രവകാരികൾ ആകാതിരിക്കാനെങ്കിലും ശ്രദ്ധിച്ചാൽ അതു വലിയ ഉപകാരമായിരിക്കും.

*'ഉപകാരത്തിനു പകരം അപകാരം ചെയ്യുന്നവന്റെ ഭവനത്തിൽനിന്ന് തിന്മ വിട്ടകലുകയില്ല'* (സുഭാ. 17:13)

# അവർക്കും ജീവിതസ്വപ്നങ്ങളുണ്ട്

## പഠനവൈകല്യം - യാഥാർഥ്യങ്ങളും വെല്ലുവിളികളും

■ ഫാ. പോൾ പാറക്കാട്ടേൽ CMI

**തോ**മസ് എഡിസൻ അമേരിക്കയിലെ ഓഹിയോയിൽ 1847ൽ ജനിച്ചു. എട്ടുവയസ്സുള്ളപ്പോൾ എഡിസനെ സ്കൂളിൽ ചേർത്തു. അവൻ പഠനത്തിൽ വളരെ പിന്നിലായിരുന്നു. റവ. ജി.ബി. എങ്കിൻ എന്ന അധ്യാപകൻ അവനെ 'ബുദ്ധി കുഴഞ്ഞു പോയവൻ' എന്നു വിളിച്ചു. ഇതിൽ രോഷാകുലനായ എഡിസൻ തന്റെ പഠനം ഉപേക്ഷിച്ചു. പിന്നെയും രണ്ടു സ്കൂളുകളിൽ ചേർന്നെങ്കിലും അവിടെയും പഠനം തുടരാനായില്ല. പിന്നീട്, അധ്യാപിയായ അവന്റെ അമ്മ നാൻസി അവനെ വീട്ടിലിരുത്തി പഠിപ്പിച്ചു. ഈ എഡിസനാണ് പിൽക്കാലത്ത് 1903 യു.എസ്. പേറ്റന്റുകൾ സ്വന്തമാക്കിയ ലോകത്തിലെ ഏറ്റവും മികച്ച കണ്ടുപിടിത്തക്കാരനായി മാറിയത്.

എഡിസനെപ്പോലെ പഠനത്തിൽ മോശമായിരുന്ന മഹാവ്യക്തികൾ ചരിത്രത്തിൽ പലരുണ്ട്. ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റൈൻ, ഊർജതന്ത്രജ്ഞനും ജ്യോതിശാസ്ത്രജ്ഞനുമായ ഗലീലിയോ ഗാലിലൈ, നടൻ ട്രോം ക്രൂയിസ്, സിനിമ നിർമാതാവ് സ്റ്റീവൻ സ്പിൽബർഗ്, ഡിസൈനർ ടോമി ഹിൻഫിഗർ, ബോക്സർ മുഹമ്മദ് അലി, ബിസിനസുകാരൻ സ്റ്റീവ് ജോബ്സ് മുതലായവർ സ്കൂളിൽ പഠനത്തിൽ ഏറെ പിന്നിലായിരുന്നു. ഇവരെല്ലാവരും പഠനവൈകല്യമുള്ളവരായിരുന്നു.



പഠനവൈകല്യം എന്ന സംജ്ഞകൊണ്ടു വിവക്ഷിക്കുന്നത് ഒരു വ്യക്തിയുടെ പാണ്ഡിത്യപൂർണവും നിർവഹണപരവുമായ കഴിവുകളെ ക്ഷയിപ്പിക്കുന്ന ക്രമക്കേടുകളെയാണ്. സംസാരത്തിലും വായനയിലും എഴുത്തിലും അനുമാനത്തിലുമുള്ള കഴിവുകുറവാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. പഠനവൈകല്യം ബുദ്ധിയുടെ കുറവിനെയല്ല സൂചിപ്പിക്കുന്നത്. ഗവേഷണങ്ങൾ തെളിയിക്കുന്നതുപോലെ, പഠനവൈകല്യമുള്ളവർ സാധാരണമോ അതിലധികമോ ബുദ്ധിയുള്ളവരാകാം.

ഇന്ത്യപോലുള്ള വികസ്വരരാജ്യങ്ങളിൽ ഇപ്പോഴും ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യപ്പെടുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നതാണു യാഥാർഥ്യം. ഇന്ത്യയിൽ സ്കൂൾ കുട്ടികളിൽ 13–14 ശതമാനം കുട്ടികൾ പഠനവൈകല്യമുള്ളവരാണെന്നാണു കണ്ടെത്തിയിരിക്കുന്നത്.

**പഠനവൈകല്യത്തിന്റെ ലക്ഷണങ്ങൾ**

പഠനവൈകല്യം നാഡീവ്യൂഹത്തിന്റെ ക്രമക്കേടുകളായതുകൊണ്ട് ഒരു വ്യക്തിയുടെ പ്രവർത്തനങ്ങളിൽ അതു വ്യക്തമാകും; പ്രത്യേകിച്ചും, കുട്ടിയുടെ പഠനത്തിൽ. സ്കൂളിലെ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങളാണ് കുട്ടിയുടെ പഠനവൈകല്യത്തെ തിരിച്ചറിയാൻ മാതാപിതാക്കളെ സഹായിക്കുന്നത്. വായിക്കാനോ എഴുതാനോ കണക്കുകൂട്ടാനോ സംസാരിക്കാനോ കുട്ടിക്കു ബുദ്ധിമുട്ടുണ്ടാകാം. ഇവ കുട്ടിയെ ക്ലാസിൽ പിന്നിലാക്കും, കുട്ടി മോശമായ പഠനനിലവാരം പ്രകടമാക്കും.

**കാരണങ്ങൾ**

**1. മനഃശാസ്ത്രഘടകങ്ങൾ**

തലച്ചോറിനുണ്ടാകുന്ന പരിക്കുകൾ, തലച്ചോറിന്റെ പ്രവർത്തനക്ഷമതിയില്ലായ്മ, മുഖ്യനാഡീവ്യൂഹത്തിന്റെ തകരാറുകൾ മുതലായവയാണ് പഠനവൈകല്യത്തിന്റെ പ്രധാനകാരണങ്ങൾ. തലച്ചോറിന്റെ പരിക്കുകൾ പ്രസവത്തിനുമുമ്പും പിമ്പും ഉണ്ടാകാവുന്നതാണ്. അതു പാരമ്പര്യമായി ലഭിച്ചതാവാം, മാതാപിതാക്കളുടെ ജീവിതശൈലിമൂലമാകാം, ജീവസന്ധാരണകാരണങ്ങളാവാം, പോഷകക്കുറവാകാം.

**2. വികാസപരിണാമപ്രശ്നങ്ങൾ**

നാഡീവ്യൂഹത്തിന്റെ വളർച്ചയുടെ അഭാവം പഠനവൈകല്യത്തിനു കാരണമാകാം.

**3. വിദ്യാഭ്യാസം**

കാലഹരണപ്പെട്ട അധ്യാപനരീതികൾ, കുട്ടികളും അധ്യാപകരും തമ്മിലുള്ള അകൽച്ച, ഗുരുചൈതന്യമില്ലാത്ത അധ്യാപകർ, കഴിവുകളുടെ കുറവുകൾ - ഇവയൊക്കെ പഠനവൈകല്യത്തിലേക്കു കുട്ടികളെ നയിക്കും.

**4. പരിസ്ഥിതിഘടകങ്ങൾ**

പോഷകക്കുറവ്, ആരോഗ്യക്കുറവ്, സുരക്ഷിതത്വക്കുറവ് മുതലായവും പഠനവൈകല്യത്തിനു കാരണമാകാം.

**പഠനവൈകല്യനിർണയം**

എഴുതാനോ വായിക്കാനോ കണക്കുകൂട്ടാനോ ഗ്രഹിക്കാനോ ബുദ്ധിമുട്ടുണ്ടാവുകയും അതുവഴി പഠനത്തിൽ പിന്നാക്കം നില്ക്കുകയും ചെയ്താൽ ആ കുട്ടിക്കു പഠനവൈകല്യമുണ്ടെന്നു സംശയിക്കേണ്ടതുണ്ട്. ആദ്യം ചെയ്യേണ്ടത് ആ കുട്ടിയെ വൈദ്യനിർണയത്തിനു വിധേയനാക്കുകയാണ്. അതുവഴിയാണ് ആ കുട്ടിക്ക് ഏതു വിധത്തിലുള്ള പുനരധിവാസപരിപാടിയാണു നല്കേണ്ടതെന്നു തീരുമാനിക്കേണ്ടതും.



**പഠനവൈകല്യപരിഹാരങ്ങൾ**

'എല്ലാവർക്കും വിദ്യാഭ്യാസം' എന്നുള്ളതാണ് ഭാരതത്തിന്റെ ദേശീയ കാഴ്ചപ്പാട്. പഠനവൈകല്യമുള്ള കുട്ടികൾക്ക് പരിഹാരപഠനത്തിന്റെ ഭാഗമായി പ്രത്യേക അധ്യയനം ആവശ്യമാണെന്ന് ഗവേഷകർ സാക്ഷ്യപ്പെടുത്തുന്നു. പരിഹാരപഠനം സാധാരണപഠനത്തിന്റെ ഭാഗമായിത്തന്നെ കാണേണ്ടതാണ്. പഠനവൈകല്യമുള്ള കുട്ടികളെ ചെറുപ്പത്തിൽത്തന്നെ തിരിച്ചറിഞ്ഞ് അവർക്കു പരിഹാരപഠനപരിശീലനങ്ങൾ തുടങ്ങണം. കളിയുപകരണങ്ങൾ ഉപയോഗിച്ചു പരിശീലനം ആരംഭിച്ചാൽ അവരിൽ പഠനത്തിനുള്ള താത്പര്യം വർധിക്കും. ശാസ്ത്രീയമായി നിർമിച്ച കളിയുപകരണങ്ങൾ ഇന്നു ലഭ്യമാണ്. അവവഴി എഴുതാനും വായിക്കാനും കണക്കുകൂട്ടാനും സംസാരിക്കാനുമെല്ലാം കുട്ടികളെ പരിശീലിപ്പിക്കാൻ സാധിക്കും.

ശാസ്ത്രീയമായി വികസിപ്പിച്ചെടുത്ത പഠനവൈകല്യപരിശീലനോപകരണങ്ങൾ വിദേശരാജ്യങ്ങളിൽ ലഭ്യമാണ്. ജർമൻകാർ വികസിപ്പിച്ചെടുത്ത പരിശീലനോപകരണങ്ങളാണ് വഴിത്തല ശാന്തിഗിരിയിൽ ഉപയോഗിക്കുന്നത്. ഇവ ഉപയോഗിച്ചുള്ള പരിശീലനത്തിലൂടെ പ്രകടമായ പുരോഗതി കുട്ടികളിൽ കാണുന്നുണ്ട്. പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം ഉറപ്പുവരുത്തുകയും വേണം.

**മാതാപിതാക്കളുടെ ശ്രദ്ധയ്ക്ക്**

കുട്ടികളുടെ വളർച്ചയിൽ സുപ്രധാനപങ്ക് മാതാപിതാക്കൾക്കാണ്. അധ്യാപകരോടൊപ്പം മാതാപിതാക്കൾ കുട്ടിയുടെ സമഗ്രമായ വളർച്ച ഉറപ്പുവരുത്തണം. ഭവനത്തിൽ ദിവസവും കുട്ടികളോടൊപ്പം മാതാപിതാക്കൾ കുറെ സമയം ചെലവഴിക്കണം. അവരിൽ വരുന്ന ചെറിയ മാറ്റങ്ങൾപോലും ശ്രദ്ധിക്കുകയും അതിൽ അവരെ പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

കുട്ടിയുടെ കുറവുകളെക്കുറിച്ചു മാതാപിതാക്കൾക്കു വ്യക്തമായ അവബോധമുണ്ടാകണം. അതിനാവശ്യമായ വൈദ്യപരിശോധനകളും പഠനവും നടത്തണം. അവരിൽനിന്നു കുട്ടിക്കു നൽകേണ്ട പരിശീലനത്തെക്കുറിച്ചും പഠനത്തെക്കുറിച്ചും കൃത്യമായി മനസ്സിലാക്കണം. സ്കൂളിലെ അധ്യാപകരുമായി കുട്ടിയെക്കുറിച്ചു സ്ഥിരമായി ചർച്ച ചെയ്യണം. കുട്ടിയെ സാധാരണ സ്കൂളിലാണു പഠിപ്പിക്കേണ്ടത്. സാധാരണ കുട്ടികളോടൊപ്പം പഠനവൈകല്യമുള്ള കുട്ടിയും പഠിച്ചു വളരേണ്ടതിന് 'ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം' അവർക്കു നൽകണം. അതുവഴി അവരിലെ സർഗശക്തിയെ സാധ്യമാകുംവരെ വളർത്തിയെടുക്കാൻ കഴിയും.

**ചില നിർദേശങ്ങൾ**

1. പഠനവൈകല്യമുള്ളവർക്ക് പിഡബ്ല്യു ആക്ടിന്റെ ഭാഗമായി കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. പഠനവൈകല്യമുള്ള കുട്ടികളുടെ പരിശീലനത്തെക്കുറിച്ചുള്ള വിഷയങ്ങൾ ബിഎഡ് പോലുള്ള അധ്യാപകപരിശീലനത്തിന്റെ ഭാഗമാകണം.

**ഡിസംബർ 3 ഭിന്നശേഷിദിനം**

3. ഇപ്പോഴത്തെ സ്കൂൾപഠനവിഷയങ്ങൾ പഠനവൈകല്യമുള്ള കുട്ടികൾക്കു പൂർണമായും യോജിച്ചതല്ല എന്നതുകൊണ്ട് അവരെയും മുഖ്യധാരയിൽ എത്തിക്കാൻ സാധിക്കുന്ന വിധത്തിലുള്ള വ്യത്യസ്ത പഠനരൂപങ്ങൾ വികസിപ്പിച്ചെടുക്കണം.

4. അധ്യാപകർക്ക് പഠനവൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്നതിനാവശ്യമായ പ്രത്യേക പരിശീലനങ്ങൾ നല്കണം.

5. പഠനവൈകല്യമുള്ള കുട്ടികളെ ഉൾച്ചേർക്കാനുള്ള മനസ്സും മനോഭാവവും അധ്യാപകരും മറ്റു കുട്ടികളും വളർത്തിയെടുക്കണം.

6. കേന്ദ്ര – സംസ്ഥാന സർക്കാരുകൾ നൽകുന്ന പ്രത്യേകാനുകൂല്യങ്ങൾ (ഭാഷാപഠനം, പരീക്ഷ എഴുതൽ മുതലായവ) നേടിയെടുക്കാൻ കുട്ടികളുടെ മാതാപിതാക്കന്മാരെ ബോധവാന്മാരാക്കണം.

7. ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം എല്ലാ പഠനവൈകല്യമുള്ള കുട്ടികൾക്കും ലഭ്യമാക്കണം.

8. പഠനവൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കന്മാർക്ക് പ്രത്യേക പരിശീലനം നൽകണം.

**ഉപസംഹാരം**

"ഞാൻ കുറച്ചുകൂടി മിടുക്കനായിരുന്നുവെങ്കിൽ?" പഠനവൈകല്യമുള്ള ഒരു കുട്ടിയുടെ വാക്കുകളാണ്. പക്ഷേ, പഠനവൈകല്യമുള്ള ഒരു കുട്ടി അവന്റെ പരിമിതികളും ക്ലേശങ്ങളും പ്രതിബന്ധങ്ങളുമായി ജീവിച്ചേ പറ്റൂ. മാതാപിതാക്കന്മാരും അധ്യാപകരും മറ്റുള്ളവരും ഈ കുട്ടിയെ പരമാവധി സഹായിച്ച് സാധാരണ നിലയിലേക്ക് എത്തിക്കാനാണു പരിശ്രമിക്കേണ്ടത്. പക്ഷേ, അതിനും പരിമിതികളുണ്ട് എന്നതാണു യാഥാർഥ്യം. എങ്കിലും അവരെ പ്രോത്സാഹിപ്പിക്കണം, പ്രശംസിക്കണം, അവരോടൊത്തു സമയം ചെലവഴിക്കണം, അവരുടെ വളർച്ചയിൽ അവരോടൊപ്പം യാത്ര ചെയ്യണം.

അവർക്കും ജീവിതസ്വപ്നങ്ങളുണ്ട്. അവരുടെ സ്വപ്നങ്ങൾക്കു ചിറകുകൾ നല്കി, ജീവിതത്തിന്റെ വിഹായസ്സിൽ ഉയർന്നു പറക്കാൻ അവരെ പ്രാപ്തരാക്കണം. വൈകല്യത്തിന്റെ പരിമിതികളെ അതിജീവിച്ച് സമൂഹജീവിതത്തിലും വികസനത്തിലും തുല്യപങ്കാളിത്തവും സമത്വവും നേടിയെടുക്കാൻ അവർക്കു സാധ്യമാകണം. ഈ മഹാദൗത്യത്തിൽ പങ്കുചേരുന്നവർക്ക് അത് ഈശ്വരപൂജയാകട്ടെ. ■

# അമ്മാനമാട്ടം കണ്ടാലും അമ്മ സന്തോഷിക്കും



പീറ്റർ കുരിശിങ്കൽ

ബഫൂൺ എന്നു കേൾക്കാത്തവരുണ്ടാവില്ല. സർക്കസിൽ പ്രധാന ഇനങ്ങളുടെ ഇടവേളകളിൽ കാണികളെ രസിപ്പിക്കുന്ന രസികന്മാരായ കുള്ളന്മാർ! ഇവരിൽ പലരും നല്ല സർക്കസ് അഭ്യാസികളുമായിരിക്കും.

അങ്ങനെയൊരാളായിരുന്നു നമ്മുടെ കഥാപാത്രവും. നല്ല ഒരഭ്യാസി. അനേകം പന്തുകളും കുപ്പികളും മറ്റും അനുസ്യൂതം മുകളിലേക്കെറിഞ്ഞ് അമ്മാനമാടും. ഇടയ്ക്കൊക്കെ അയാൾ ബഫൂണായും അരങ്ങിലെത്തും. ആടാനും പാടാനുമൊക്കെ അയാൾക്കുണ്ടായിരുന്ന വിരുത് ഒന്നു വേറെ തന്നെ.

കാലങ്ങൾ ഒന്നൊന്നായി കൊഴിഞ്ഞുവീണുകൊണ്ടിരുന്നു. സർക്കസുകാരന്റെ പ്രായവും ഏറിവന്നു. സർക്കസ്കൂടാരത്തിലെ അയാളുടെ ചടുലതയും താളമേളഭാവങ്ങളും പതുക്കെപ്പതുക്കെ മന്ദീഭവിച്ചു. അയാളുടെ പ്രകടനങ്ങൾ കാണികളെ ആവേശഭരിതരാക്കുന്നില്ല എന്നു സർക്കസ്മുതലാളിക്കും മനസ്സിലായി. ഒരു ദിവസം മുതലാളി അയാളെ വിളിച്ചിട്ടു പറഞ്ഞു: "ഇനി താങ്കൾ വിശ്രമിക്കണം. സർക്കസ് പ്രകടനങ്ങൾ നടത്താൻ ആരോഗ്യം പോരാ. ഇനി എവിടെയെങ്കിലും ഒതുങ്ങിക്കൂടി ജീവിക്കുക." ഒരു ചെറിയ പണക്കിഴിയും കൊടുത്ത് സർക്കസ് മുതലാളി അയാളെ പറഞ്ഞുവിട്ടു.

അനാഥനായ അയാൾ തെരുവിലേക്കിറങ്ങി, താൻ ഇക്കാലമത്രയും കാണിച്ചിരുന്ന അഭ്യാസപ്രകടനങ്ങൾ നടത്തി, കുറേക്കാലം മുന്നോട്ടുപോയി. അപ്പോഴേക്കും പ്രായാധിക്യം അയാളെ വല്ലാതെ തളർത്തിയിരുന്നു.

സർക്കസ് കൂടാരത്തിൽനിന്നു പോരുമ്പോൾ മുതലാളി പറഞ്ഞ വാക്കുകൾ അയാൾ ഓർത്തെടുത്തു: "എവിടെയെങ്കിലും ഒതുങ്ങിക്കൂടി ജീവിക്കുക" അയാൾ സ്വയം ചോദിച്ചു. "എവിടെ? ആരുടെ കൂടെ?" അതിനൊരുത്തരമെന്നവണ്ണം അയാളുടെ ഓർമയിലെത്തിയത് താൻ പലപ്പോഴും കണ്ടിട്ടുള്ള ഒരു സന്ന്യാസിമഠമാണ്. തനിക്ക് അവിടെ അഭയം ലഭിക്കുമെന്ന് ഒരു ഉൾവിളി!

പിന്നെ താമസിച്ചില്ല; നേരേ സന്ന്യാസിമന്ദിരത്തിലേക്ക്. തന്റെ അവശതയും ആവശ്യവും മഠാധിപതിയോടുണർത്തിച്ചു. താമസമുണ്ടായില്ല, അധിപൻ അയാളെ അവിടെ സ്വീകരിച്ചു.

അയാളുടെ ജീവിതം സമാധാനപൂർണമായി. നല്ല ഭക്ഷണം, വിശ്രമിക്കാനും ഉറങ്ങാനും സൗകര്യങ്ങൾ, സ്നേഹപൂർണമായ പെരുമാറ്റം. ഇതിനിടയിലും അയാളുടെ ശ്രദ്ധ ചുറ്റുപാടും പതിയുന്നുണ്ടായിരുന്നു. പ്രാർഥനാസമയങ്ങളിൽ മഠത്തിലെ അന്തേവാസികൾ എല്ലാവരും പങ്കെടുക്കുന്നു. കൃഷിപ്പണികൾ അടക്കമുള്ള എല്ലാ ജോലികളും ചെയ്യുന്നു. അവരെല്ലാവരും പുരോഹിതന്മാരാണല്ലോ എന്നതും അയാളെ ആശ്ചര്യപ്പെടുത്തി. താൻ മാത്രം ഒരു ജോലിയും ചെയ്യുന്നില്ല. അയാൾ ചിന്തിക്കാൻ തുടങ്ങി. വല്ലാത്തൊരു മാനസികപീഡനം! താനിങ്ങനെ തിന്നും കുടിച്ചും ഉറങ്ങിയും സമയം കളയുന്നതു ശരിയല്ല. തനിക്കറിയാവുന്ന, തന്നാൽ കഴിയുന്ന എന്തെങ്കിലും ജോലികളിൽ ഏർപ്പെടണം. അയാൾ മനസ്സിലുറച്ചു.

പക്ഷേ എന്തു ജോലി? അമ്മാനമാടലും അത്യാവശ്യം പാട്ടും ഡാൻസും സർക്കസ് കൂടാരത്തിലെ കോമാളിത്തരങ്ങളും അല്ലാതെന്ത്?

ഒരു ദിവസം അയാൾ മഠത്തിലെ വിശാലമായ അകത്തളങ്ങളും ഇടനാഴികളും ചുറ്റിനടന്നുകാണുകയായിരുന്നു. നടന്നുനടന്ന് അയാൾ എത്തിയത് ഇടനാഴി തീരുന്നിടത്തെ ഒരു നിലവറയിലായിരുന്നു; ഭൂനിരപ്പിനും താഴെയുള്ള നിലവറ! അവിടുത്തെ കാഴ്ചകൾ അയാളെ അദ്ഭുതപ്പെടുത്തി. അനേകം ചെറുപ്രതിമകൾ. പൊടിപിടിച്ചും പൊട്ടിത്തകർന്നും കിടക്കുന്നു; വിശുദ്ധരുടേതാണ്. അവയിലൊന്നിൽ അയാളുടെ കണ്ണുകൾ ഉടക്കി. പരിശുദ്ധ അമ്മയുടേതാണ്! ഉണ്ണിയേശുവിനെ കൈയിലേന്തിയ കന്യാമറിയം. ഉണ്ണിയേശു ഉണ്ണിയുടെ കൈയിലിരുന്ന ഭൂഗോളത്തിന്റെ മാതൃക താഴെ തറയിൽ വീണു കിടക്കുന്നു!

പെട്ടെന്ന് അയാളുടെ ചിന്തയും മനസ്സും ഉദ്ദീപ്തമായി. കൈകാലുകൾ ഊർജ്ജസ്വലമായി. അയാൾ ആ പ്രതിമ എടുത്തുയർത്തി; തൂത്തുതുടച്ചു പീഠത്തിന്മേൽ വച്ചു. അയാൾ തിരുസ്വരൂപത്തെ അകന്നുനിന്നു നോക്കി. കൺകുളിർക്കെക്കണ്ടു. ഹാ! എന്തൊരു ചൈതന്യം!

പ്രായാധിക്യം തളർത്തിയ ശരീരകോശങ്ങളിലേക്ക് ശക്തിപ്രവാഹമായിരുന്നു പിന്നെ. അയാൾ താൻ പഠിച്ച അഭ്യാസങ്ങൾ, നൃത്തം, പാട്ട് എല്ലാം ഒന്നൊന്നായി ഉണ്ണിയുടെയും മാതാവിന്റെയും മുമ്പിൽ പ്രകടിപ്പിക്കാൻ തുടങ്ങി. അനേകം പന്തുകൾ ഒരുമിച്ചെടുത്ത് അമ്മാനമാടി. ഇടയ്ക്കൊക്കെ അയാൾ മാതാവിന്റെ തിരുമുഖത്തേക്കു നോക്കും. തന്നെനോക്കി ചിരിക്കുന്ന മാതാവിന്റെ മുഖം! അയാൾക്കു സന്തോഷമായി.

ഇതിങ്ങനെ തുടർന്നുകൊണ്ടിരിക്കെ മഠത്തിലെ ഒരു യുവപുരോഹിതൻ യാദൃച്ഛികമായി അയാളുടെ കളിതമാശകൾ കാണാനിടയായി. പുരോഹിതൻ ഇക്കാര്യം മഠാധിപതിയെ അറിയിച്ചു.

എന്തസംബന്ധമാണിയാൾ കാണിക്കുന്നത്? ഏതായാലും അയാളെ നിരീക്ഷിക്കാൻതന്നെ മഠാധിപതിയും തീരുമാനിച്ചു.

പിറ്റേന്നുതന്നെ, മഠാധിപതിയും യുവപുരോഹിതനുംകൂടി അയാളെ പിന്തുടർന്ന് നിലവറയിൽ എത്തി. അവർ നിലവറയിൽ ഒരിടത്ത് മറഞ്ഞുനിന്നു. അതാ അയാൾ തന്റെ പ്രകടനങ്ങൾ ആരംഭിക്കുകയായി. അനേകം പന്തുകൾകൊണ്ട് അമ്മാനമാടുന്നു. പാട്ടുപാടുന്നു, നൃത്തം ചെയ്യുന്നു. കാലുകൾക്കു പകരം കൈകൾ നിലത്തൂന്നി നടക്കുന്നു! പ്രായാധിക്യം വകവയ്ക്കാതെയുള്ള അയാളുടെ ഈ പ്രവൃത്തി അയാളെ തളർത്തി.



അവശനായി അയാൾ നിലത്തുവീണു! നെറ്റിയിലും മുഖത്തുമൊക്കെ സ്വേദകണങ്ങൾ!

ഇനിയെന്തു ചെയ്യും? മഠാധിപതിയും യുവപുരോഹിതനും പരസ്പരം നോക്കിനില്ക്കെയായിരുന്നു ഇരുവരുടെയും കണ്ണഞ്ചിക്കുന്ന ആ കാഴ്ച! അതാ പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം ചലിക്കുന്നു! കൈയിൽ ഉണ്ണിയേശുവുമുണ്ട്. മാതാവ് തറയിൽ വീണുകിടക്കുന്ന അയാളുടെ സമീപത്തേക്ക് സാവധാനം നടന്നടുക്കുകയാണ്. മിന്നലൊളിപോലെ മനോജ്ഞമായ തേജസ്സോടെ! അതാ പരിശുദ്ധ അമ്മ അയാളുടെ അടുത്തെത്തി, കുനിഞ്ഞ് അയാളുടെ നെറ്റിയിലെ വിയർപ്പ് തന്റെ ഉത്തരീയംകൊണ്ടു തുടയ്ക്കുന്നു. തുടർന്ന്, അമ്മ അയാളുടെ നെറ്റിയിൽ ചുംബിച്ചു!

മഠാധിപതിയെയും യുവപുരോഹിതനെയും അദ്ഭുതപരതന്ത്രരാക്കുന്ന മറ്റൊന്നുകൂടി ആ സമയം നടന്നു. അയാൾ അമ്മാനമാടിയിരുന്ന പന്തുകളിൽ ഒന്ന് – ഒരു നീലപ്പന്ത് ഉണ്ണിയേശു കൈക്കലാക്കി. ഈ കൗതുകക്കാഴ്ച പരിശുദ്ധ അമ്മയും കാണുന്നുണ്ടായിരുന്നു. അമ്മ പുഞ്ചിരിച്ചുകൊണ്ട് ഉണ്ണിയെയുമെടുത്ത് പീഠത്തിലേക്കു നടന്നുകയറി.

മഠാധിപതിയും യുവപുരോഹിതനും താന്താങ്ങളുടെ ഉത്തരവാദിത്വങ്ങളിലേക്കു മുഴുകാൻ ശ്രമിച്ചു. പക്ഷേ, ചിന്തയിൽനിന്ന് അവർ നിലവറയിൽ കണ്ട കാഴ്ച മായുന്നില്ല. കണ്ണു തുറന്നാലും അടച്ചാലും ആ കാഴ്ചതന്നെ.

പ്രഭാതത്തിനായി കാത്തിരിക്കുകയായിരുന്നു മഠാധിപതി. അദ്ദേഹം അയാളെ തന്റെ സമീപത്തേക്കു വിളിപ്പിച്ചു. ഭയപ്പാടോടെയാണ് അയാൾ മഠാധിപതിയുടെ മുന്നിലെത്തിയത്. രഹസ്യമായി താൻ ചെയ്തിരുന്ന അഭ്യാസങ്ങളും മറ്റും മഠാധിപതി അറിഞ്ഞിരിക്കും.

അതിനകം മഠാധിപതി താൻ അകപ്പെട്ടിരുന്ന അതിശയലോകത്തിൽനിന്നു മുക്തനായിക്കഴിഞ്ഞിരുന്നു. അദ്ദേഹം താൻ തലേന്നു നിലവറയിൽ കണ്ട കാര്യങ്ങൾ അയാളോടു പറഞ്ഞു. പരിശുദ്ധ അമ്മയും ഉണ്ണിയേശുവും അതീവസന്തോഷത്തോടെ നോക്കിയാസ്വദിച്ച അയാളുടെ അഭ്യാസങ്ങൾ തുടർന്നുകൊള്ളാൻ അനുവാദം കൊടുത്തു. അയാളുടെ മനം കുളിർത്തു. അമ്മയെ രസിപ്പിച്ചുകൊണ്ട് തന്റെ അഭ്യാസങ്ങൾ അയാൾ തുടർന്നു.

സാവധാനം വാർധക്യം അയാളെ വരിഞ്ഞുമുറുക്കി. അയാൾ കിടപ്പിലായി. മഠാധിപതി എല്ലാ ദിവസവും അയാൾക്കരികെ എത്തും, അന്വേഷിക്കും, അയാൾക്കുവേണ്ടി പ്രാർഥിക്കും. ഒരു ദിവസം രാത്രി മഠാധിപതിയും സഹപുരോഹിതരും പ്രാർഥനാഭരിതരായി നോക്കിനില്ക്കേ അയാൾ ഇഹലോകവാസം വെടിഞ്ഞു.

ആ സമയത്തെല്ലാം തരളമായൊരു കാന്തി ആ മുറിയെ പ്രകാശമാനമാക്കുന്നത് മഠാധിപതി അറിഞ്ഞു. അതാ പരിശുദ്ധഅമ്മ! അതേ, മറിയം തന്നെ സാവധാനം അയാളുടെ അടുത്തുവന്ന് നെറ്റിയിൽ ചുംബിക്കുന്നു. ആ പ്രകാശധവളിമയിൽ മറിയം മഠാധിപതിയെ നോക്കിയിട്ടു മറഞ്ഞു. മുറിയിൽനിന്ന് ആ ഉഷാകിരണങ്ങൾ മറഞ്ഞെങ്കിലും മഠാധിപതിയുടെ ചിന്തയിലും ആത്മാവിലും ആ പ്രഭാങ്കുരത്തിന്റെ അലൗകികചൈതന്യം നിറഞ്ഞുകഴിഞ്ഞിരുന്നു.

മഠാധിപതിയുടെ മനസ്സിൽ പുതിയൊരു ചിന്ത രൂപം കൊള്ളുകയായിരുന്നു. നാളെ മുതൽ പരിശുദ്ധ അമ്മയുടെ മുന്നിൽ അഭ്യാസം കാണിക്കാൻ ആരുമുണ്ടാവില്ലല്ലോ. അമ്മയ്ക്കും ഉണ്ണിക്കും സന്തോഷം നല്കാൻ, അവരെ ആനന്ദിപ്പിക്കാൻ എന്തൊണ്ടൊരു വഴി?

ചിന്തിച്ചു നേരം കളയാനുണ്ടായിരുന്നില്ല. മഠാധിപതി നേരേ നിലവറയിലേക്കു നടന്നു. അവിടെ അതാ ആ തിരുസ്വരൂപം ഉണ്ണിയെ കൈയിലേന്തി പുഞ്ചിരിച്ചുകൊണ്ടു നില്ക്കുന്നു. ആ അമ്മയുടെ മുമ്പിൽ മഠാധിപതി ആടാനും പാടാനും ചെറിയ ചെറിയ അഭ്യാസങ്ങൾ കാണിക്കാനും തുടങ്ങി. മഠാധിപതി ഈ പതിവ് നിത്യവും തുടർന്നു. ഒപ്പം മറിയത്തെ സന്തോഷിപ്പിക്കാനായി പരിശുദ്ധ അമ്മയെ പ്രകീർത്തിക്കുന്ന അനേകം ഗാനങ്ങളും അദ്ദേഹം എഴുതി.

ക്ലയർവോയിലെ വിശുദ്ധ ബർണാഡ് എന്നു പ്രസിദ്ധനായ പുണ്യവാനാണ് ഈ മഠാധിപതി.

* * *

ഇക്കഥ ഒരു പുനരാഖ്യാനമാണ്. നാടോടിപാരമ്പര്യത്തിൽപ്പെട്ട കഥ. 'മധുരം നിന്റെ ജീവിതം' എന്ന കെ.പി. അപ്പന്റെ ഗ്രന്ഥത്തിൽനിന്നാണ് ഇക്കഥയുടെ മൂലം എടുത്തിട്ടുള്ളത്.

---

കവിത

ജോർജുകുട്ടി താവളം

## പുലരി

കൂകിയുറക്കെപ്പൂങ്കോഴിയുടൻ
കോകിലഗാനവുമൊഴുകീ വാനിൽ
പൂർവാംബരമുഖമൊന്നു തുടുത്തു
പുലരിവെളിച്ചം വൈകാതെത്തി
കുക്കുടമപ്പോൾ ചൊല്ലുന്നൂ, ഞാൻ
കൂകിയിരുട്ടിനെയോടിച്ചല്ലോ
കുയിലു പറഞ്ഞെൻ ഗാനാലാപം
കേൾക്കവെയെത്തി പ്രകാശം വേഗം
കോപത്തോടെ കോഴി പറഞ്ഞെൻ
കൂജനശബ്ദം കേട്ടില്ലെന്നാൽ
കൂരിരുളവിടെത്തന്നെ നിൽക്കും
കാണില്ലൊരുതരിവെട്ടംപോലും
കുന്നിൻമുകളിൽ പകലോൻ വന്നു
ചൊന്നുടനൊരു ചെറുപുഞ്ചിരിയോടെ
ഞാനും നിങ്ങളുമെല്ലാം ചെയ്‌വതു
നമ്മുടെ കർത്തവ്യങ്ങൾമാത്രം.

നോവൽ 23

ഇഗ്നേഷ്യസ് കലയന്താനി




കഥാസാരം

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹിച്ചുകഴിഞ്ഞിരുന്ന അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ കാണുന്നത് സൂസമ്മയുടെ മകൻ ജയേഷിന്റെ വിവാഹത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും ഹൈറേഞ്ചിൽ ചെന്നപ്പോഴാണ്. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനുശേഷം സിസിലിയുടെ ജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു നന്നേ ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായതിനാൽ പൊരുത്തപ്പെട്ടുപോകാൻ നന്നേ ബുദ്ധിമുട്ടി ജയേഷ്. എൽസയുടെ കാലിന്റെ മുടന്തു മാറ്റാനുള്ള സർജറിക്കു പണം കൊടുക്കാമെന്നു ജയേഷ് അറിയിച്ചു. ഇതറിഞ്ഞ വർഷ കോപാകുലയായി. പണം തരില്ലെന്ന് എൽസയെ വിളിച്ചറിയിച്ചു. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചുകൊടുത്ത്, സർജറി നടത്തി മുടന്തുമാറ്റി. സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. ഇതിനിടയിൽ വർഷ ഗർഭിണിയായി. ജയേഷ് സന്തോഷിച്ചു. എന്നാൽ, ഭർത്താവറിയാതെ അവൾ ഗർഭച്ഛിദ്രം നടത്തി. ബാത്റൂമിൽ വീണ് അബോർഷനായി എന്നവൾ ജയേഷിനോടു കള്ളം പറഞ്ഞു. ഒരു രാത്രി പെയ്ത മഴയിൽ മരം വീണ് സിസിലി മരിച്ചു. എൽസ ഒറ്റപ്പെട്ടു. അവൾക്ക് തന്റെ ആശുപത്രിയിൽ ജോലി കൊടുത്തു മനു. ജയേഷും വർഷയും തമ്മിലുള്ള മാനസിക അകൽച്ച കൂടിക്കൂടിവന്നു.

*(തുടർന്നു വായിക്കുക)*

**ഒ**രു തിങ്കളാഴ്ച!

രാവിലെ പതിവിലേറെ വൈകിയാണ് ജയേഷ് ഉണർന്നത്. എണീറ്റപ്പോൾ ശരീരത്തിന് ഒരു തളർച്ചപോലെ. കിടക്കയിലേക്കു ചാഞ്ഞിട്ട് പുതപ്പെടുത്തു ദേഹമാസകലം മൂടി. വർഷ ബാത്റൂമിൽ പോയിട്ട് മടങ്ങിവന്നപ്പോൾ കണ്ടത് മൂടിപ്പുതച്ചു കിടക്കുന്ന ഭർത്താവിനെയാണ്.

"എണീക്കുന്നില്ലേ? നേരം ഒരു പാടായി."

പുതപ്പുമാറ്റി ദേഹത്തു തൊട്ടപ്പോൾ ചെറിയ ചൂടുള്ളതായി തോന്നി.

"പനിയുണ്ടോ? ചൂടുണ്ടല്ലോ!"

"നല്ല സുഖമില്ല."

വർഷ തെർമോമീറ്റർ എടുത്ത് ടെമ്പറേച്ചൻ നോക്കി. നൂറു ഡിഗ്രി.

"പനിയുണ്ടല്ലോ! ഇന്ന് ഓഫെടുത്ത് വിശ്രമിക്ക് കേട്ടോ."

"ഉം..." ജയേഷ് മൂളിയതേയുള്ളൂ."

"എനിക്കിന്നു പോകാതിരിക്കാൻ പറ്റില്ല. ഒരു ഒഫീഷ്യൽ മീറ്റിങ് ഉണ്ട്. നിർബന്ധമായും ഞാനുണ്ടാകണമെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട് ദീപക്. ചെന്നില്ലെങ്കിൽ പ്രശ്നാകും."

"പോകണ്ടാന്ന് ഞാൻ പറഞ്ഞോ?"

ജയേഷ് കട്ടിലിൽ എണീറ്റിരുന്നിട്ട് വർഷയെ നോക്കി.

"അല്ല.... അതല്ല... ജയേഷിനു പനിയായിട്ടും ഞാനിട്ടിട്ടുപോയല്ലോന്ന് അമ്മ ഓർക്കുമല്ലോന്നു വിചാരിച്ചു പറഞ്ഞതാ. അമ്മയോടൊന്നു പറഞ്ഞേക്കണേ..."

"നിനക്കങ്ങു പറഞ്ഞൂടേ?"

"ഓ... ഞാനൊന്നും പറയാൻ പോണില്ല." ഒന്നു നിറുത്തിയിട്ട് വർഷ തുടർന്നു: "അമ്മേടെ ചില പ്പഴത്തെ സംസാരോം പെരുമാറ്റോം എനിക്കൊട്ടും പിടിക്കുന്നില്ല. ഞാനിങ്ങോട്ട് വലിഞ്ഞുകേറി വന്നതാന്ന രീതീലാ സംസാരം. കുത്തിക്കുത്തി ഓരോന്നു പറയുന്നതു കേൾക്കുമ്പം ഇവിടുന്ന് താമസം മാറ്റിയാലോന്നു ചിന്തിച്ചിട്ടുണ്ട്. ഈ രീതിയിലാണു പോക്കെങ്കിൽ അതു വേണ്ടിവരും.'

"എന്തായാലും ഞാൻ അമ്മയെയും പപ്പയെയും ഇവിടെ തനിച്ചാക്കിയിട്ട് എങ്ങും പോകില്ല."

"അതെനിക്കറിയാം, എന്നോടുള്ളതിനേക്കാൾ സ്നേഹം അമ്മയോടാണെന്ന്. ഞാനതെന്നും കാണുന്നതല്ലേ. എന്നും അമ്മയുടെ ചിറകിനടിയിൽ



ഇങ്ങനെ ഇരുന്നാൽ മതിയോ? തനിയെ ഒന്നു പറക്കാൻ നോക്ക്."

"നമ്മൾ തമ്മിൽ വീണ്ടും അകന്നകന്നു പോകുകയാണല്ലോ വർഷേ? എപ്പോഴും എന്നെ കുറ്റപ്പെടുത്താനല്ലേ നിനക്കു നേരമുള്ളൂ. നീ ദീപക്കിനോടു സംസാരിക്കുമ്പം കാണിക്കുന്ന സ്നേഹത്തിന്റെ നാലിലൊന്നെങ്കിലും എന്നോടു കാണിച്ചുകൂടേ?"

"അതിങ്ങോട്ടുമാകാം."

"ഞാനെന്തു സ്നേഹക്കുറവു കാണിച്ചെന്നാ?"

"എൽസയോടു കാണിക്കുന്ന സ്നേഹത്തിന്റെ പത്തിലൊന്നെങ്കിലും ഇങ്ങോട്ടു കാണിച്ചുകൂടേ?"

"എൽസയുമായിട്ട് ഇപ്പം എനിക്ക് ഒരു കോൺടാക്ടുമില്ല. സർജറിക്ക് കാശു കൊടുക്കില്ലെന്നു പറഞ്ഞതിശേഷം ഞാൻ അവളെയോ അവൾ എന്നെയോ വിളിച്ചിട്ടില്ല. ആ ബന്ധം അന്നു തീർന്നു."

"ആർക്കറിയാം."

ജയേഷ് പിന്നീടൊന്നും മിണ്ടിയില്ല. വർഷയും മൗനമായിരുന്നു. ഡ്രസ് മാറി അവൾ താഴേക്കു ചെന്നപ്പോൾ സൂസമ്മ അപ്പവും മുട്ടക്കറിയും എടുത്ത് ഡൈനിങ് ടേബിളിൽ വച്ചിട്ടുണ്ടായിരുന്നു. ഒരു പ്ലേറ്റിലേക്ക് അപ്പവും മുട്ടക്കറിയും വിളമ്പി തനിയെ ഇരുന്ന് അവൾ കഴിക്കുന്നതു കണ്ടപ്പോൾ സൂസമ്മ ചോദിച്ചു:

"അവനെന്തിയേ മോളേ?"

"എണീറ്റില്ല. ചെറിയ പനിക്കോളുണ്ടെന്നു തോന്നുന്നു."

"പനിയോ?"

"ചെറിയ ഒരു ചൂട്. പേടിക്കാനൊന്നുമില്ലമ്മേ." മുഖത്തേക്കു നോക്കാതെയായിരുന്നു മറുപടി.

"മോളേ..." സൂസമ്മ കുറച്ചുകൂടി ചേർന്നുനിന്നിട്ടു തുടർന്നു. "മോളു കുറച്ചുകൂടിയൊക്കെ സ്നേഹത്തോടെ അവനോടു സംസാരിക്കണം കേട്ടോ. അവനൊരു പാവമാ മോളേ. സ്നേഹിക്കാൻമാത്രം അറിയാവുന്ന ഒരു കൊച്ച്. നിന്നോട് അവന് ഒരു പാടു സ്നേഹമുണ്ട്. നീ അവനെയും അതുപോലെ സ്നേഹിക്കണം കേട്ടോ മോളേ. ഒരമ്മയുടെ അപേക്ഷയാണിത്." പറഞ്ഞുതീർന്നപ്പോഴേക്കും സൂസമ്മയുടെ ശബ്ദം ഇടറിയിരുന്നു.

"ഞാനെന്തു സ്നേഹക്കുറവ് കാണിച്ചെന്നാ അമ്മ പറയുന്നത്?"

വർഷ സൂസമ്മയുടെ മുഖത്തേക്കു തുറിച്ചു നോക്കി.

"അവനൊരു പഴഞ്ചൻരീതിക്കാരനാ മോളേ. ഞങ്ങൾ അങ്ങനെയാ അവനെ വളർത്തിക്കൊണ്ടു വന്നത്. അതിന്റേതായ കുറ്റങ്ങളും കുറവുകളും ഒണ്ടാകും. മോള് വളർന്നുവന്ന സാഹചര്യം വേറേയാണല്ലോ! മോളുടെ രീതിയോട് അവനു ചേർന്നുപോകാൻ പ്രയാസമുണ്ടെന്നു ഞങ്ങൾക്കറിയാം. കുറച്ചൊക്കെ ക്ഷമിച്ചും സഹിച്ചും സ്നേഹത്തോടെ പോകാൻ നോക്ക് മോളേ. ഒരു കുഞ്ഞുണ്ടാകാൻ പോകൂന്നൂന്നു കേട്ടപ്പം ഞങ്ങൾ ഒരുപാട് സന്തോഷിച്ചതാ. അതബോർഷനായീന്നു കേട്ടപ്പം അവൻ ഒരു പാട് കരഞ്ഞു. ഇപ്പഴും ആ വിഷമം അവന്റെ മനസ്സീന്നു മാറീട്ടില്ല. ഇപ്പഴത്തെ കാലത്ത് ഇങ്ങനത്തെ ആണുങ്ങളുണ്ടോന്നു മോൾക്കു തോന്നിയേക്കാം. പക്ഷേ, എനിക്കറിയാം അവന്റെ മനസ്സ്. അവനങ്ങനാ."

"അമ്മ ഇങ്ങനെ ചിറകിനടീൽ വച്ചു വളർത്തിയതുകൊണ്ടാ ജയേഷ് ഒരു വാഴപ്പിണ്ടിയായിപ്പോയത്."

"മോള് കല്യാണം കഴിഞ്ഞ് ഇവിടെ വന്ന ദിവസങ്ങളിൽ എത്ര സ്നേഹത്തോടെയാ ഞങ്ങളോടു സംസാരിച്ചത്. അന്നു ഞാൻ ഓർത്തു നല്ലൊരു കൊച്ചിനെയാണല്ലോ ദൈവം ഞങ്ങൾക്കു തന്നതെന്ന്. ഇങ്ങനെ മാറിപ്പോകാൻമാത്രം എന്താ മോളേ ഉണ്ടായത്? ജയേഷ് നിന്നെ ഏതെങ്കിലും തരത്തിൽ വേദനിപ്പിച്ചോ? ഞങ്ങൾ എന്തെങ്കിലും പറഞ്ഞോ?"

"ജയേഷ് കുറച്ചുകൂടിയൊക്കെ മോഡേൺ ആവണം അമ്മേ. വല്ലപ്പോഴും ഒരുല്ലാസയാത്രയ്ക്കു പോകാനോ, പുറത്തു പോയി നല്ല ഫുഡ് കഴിക്കാനോ ഇന്നുവരെ വന്നിട്ടുണ്ടോ ജയേഷ്? അതെങ്ങനാ ഈ വീടിനകത്തുനിന്നു പുറത്തേക്കിറങ്ങില്ലല്ലോ! എന്റെകൂടെ പഠിച്ചവരും കൂടെ ജോലിചെയ്യുന്നവരുമൊക്കെ എത്ര അടിച്ചുപൊളിച്ചാ ജീവിക്കുന്നേന്ന് അറിയാമോ? എനിക്കുമുണ്ട് അങ്ങനെ ജീവിക്കാൻ ആഗ്രഹം."

"മോളുടെ ആഗ്രഹം ഞാൻ അവനോടു പറയാം മോളേ! നിങ്ങളു സ്നേഹത്തോടെ ജീവിക്കാൻ നോക്ക്."

വർഷ പിന്നൊന്നും മിണ്ടിയില്ല. ഭക്ഷണം കഴിച്ച് എണീറ്റ് കൈകഴുകിയിട്ട് പുറത്തേക്കിറങ്ങി സ്കൂട്ടറിൽ കയറിപ്പോയി.

സൂസമ്മ സ്റ്റെയർകേസ് കയറി മുകളിലത്തെ നിലയിലേക്കു ചെന്നു. ജയേഷ് മൂടിപ്പുതച്ചു കിടന്നുറങ്ങുകയായിരുന്നു. പുതപ്പുമാറ്റി ദേഹത്തു തൊട്ടു നോക്കിയപ്പോൾ നല്ല പനി.

"നന്നായിട്ടു പനിക്കുന്നുണ്ടല്ലോ മോനേ. എണീറ്റേ... ഭക്ഷണം കഴിച്ചിട്ട് നമുക്ക് ആശുപത്രീൽ പോകാം."

"വേണ്ടമ്മേ... അതിനുമാത്രമുള്ള പനിയൊന്നുമില്ല."

"അമ്മ പറയുന്നതനുസരിക്ക്. എണീറ്റു വാ."

സൂസമ്മ മകനെ പിടിച്ചെഴുന്നേല്പിച്ചു. പ്രഭാതകൃത്യങ്ങൾ നിർവഹിച്ചിട്ട് അമ്മയോടൊപ്പം ജയേഷ് താഴേക്കു പോയി. സൂസമ്മ ഭക്ഷണം വിളമ്പിക്കൊടുത്തു.

"പോയി ഡ്രസു മാറീട്ടു വാ. നമുക്ക് ആശുപത്രീൽ പോകാം."

ഭക്ഷണം കഴിച്ചിട്ട് ജയേഷ് കൈകഴുകുന്നതിനിടയിൽ സൂസമ്മ പറഞ്ഞു. കൈകഴുകിയിട്ട് ജയേഷ് മുറിയിൽ പോയി ഡ്രസ് മാറി താഴേക്കു വന്നു. ഒരു ഓട്ടോ വിളിച്ചുവരുത്തി രണ്ടു പേരും അതിൽ കയറി ആശുപത്രിയിലേക്കു പോയി.

ആശുപത്രിയിൽ എത്തിയപ്പോഴേക്കും പനി ഒരുപാട് കൂടിയിരുന്നു. പരിശോധിച്ചശേഷം ഡോക്ടർ ചോദിച്ചു:

"ഇൻഷുറൻസ് ഉണ്ടോ?"

"ഉണ്ട്."

"ഒരു കാര്യം ചെയ്യാം. അഡ്മിറ്റാക്കാം. ബ്ലഡും യൂറിനുമൊക്കെ ഒന്നു ടെസ്റ്റ് ചെയ്യണം. ഒരു ദിവസം കിടക്കുവാണെങ്കിൽ ഇൻഷുറൻസിന് ആ കാശുകിട്ടും. അഡ്മിറ്റാക്കട്ടെ."

സൂസമ്മ ജയേഷിനെ നോക്കി. അവൻ തലകുലുക്കി. ഡോക്ടർ അഡ്മിഷനു കുറിച്ചിട്ട് ഫയൽ നഴ്സിനു കൈമാറി.

ആശുപത്രിയിലെ ഏസിറൂമിൽ കിടക്കുമ്പോൾ ജയേഷും അമ്മയും സംസാരിച്ചത് വർഷയെക്കുറിച്ചായിരുന്നു. രാവിലെ അവൾ പറഞ്ഞ കാര്യങ്ങൾ സൂസമ്മ ജയേഷിനോടു പറഞ്ഞു.

"പൊരുത്തപ്പെട്ടു പോകാൻ ഞാൻ പരമാവധി ശ്രമിക്കുന്നുണ്ടമ്മേ! സാധിക്കുന്നില്ല."

"ഇടയ്ക്കിടെ പുറത്തുപോയി ഒരുമിച്ചിരുന്ന് ഇത്തിരി ഭക്ഷണം കഴിക്കുകയോ, വല്ലപ്പോഴും ഒരു ടൂറു പോകുകയോ സിനിമയ്ക്കു പോകുകയോ ഒക്കെ ചെയ്യ്! അവൾക്കതൊക്കെ ഒരു സന്തോഷമാകും."

"ഉം." ജയേഷ് മൂളിയതേയുള്ളൂ.

സൂസമ്മ വർഷയെ ഫോണിൽ വിളിച്ച് ജയേഷ് ആശുപത്രിയിലാണെന്ന കാര്യം അറിയിച്ചു. നേരത്തേ എത്താമെന്നു പറഞ്ഞിട്ട് വർഷ ഫോൺ വച്ചു.

വൈകുന്നേരം ആറുമണിയായപ്പോൾ വർഷ എത്തി. മുറിയിലേക്കു കയറിപാടേ പറഞ്ഞു:

"എന്തൊരു ബ്ലോക്കായിരുന്നു. ഇവിടെവരെ എത്താൻ ഞാൻ പെട്ട പാട്. ങ്ഹ... പനി കുറഞ്ഞോ?" അവൾ നെറ്റിയിൽ കൈവച്ചു നോക്കി.

"നല്ല ചൂടുണ്ടല്ലോ."

"ഇപ്പം ഇത്തിരി കുറഞ്ഞതാ. നേരത്തേ നല്ല പനിയുണ്ടായിരുന്നു." സൂസമ്മ പറഞ്ഞു.

*ശേഷം 14-ാംപേജിൽ*

# നേതാക്കളുടെ യുദ്ധകാഹളം: ലോകം ആശങ്കയുടെ മുൾമുനയിൽ



തോമസ് കുഴിഞ്ഞാലിൽ

മൂന്നാം ലോകയുദ്ധത്തിലേക്കു ലോകം അടുത്തിരിക്കുന്നുവെന്നു സംശയിക്കത്തക്കവിധമുള്ള സംഭവവികാസങ്ങൾ പശ്ചിമേഷ്യയിലും യൂറോപ്പിലും ദൃശ്യമാകുന്നു. ഇറാൻ ഇസ്രയേലുമായും, റഷ്യ യുക്രെയ്നുമായും നടത്തുന്ന യുദ്ധങ്ങൾ ഒരു പുതിയ ഘട്ടത്തിലേക്കു കടന്നിരിക്കുന്നുവെന്നതാണ് ആശങ്ക ജനിപ്പിക്കുന്നത്.

ഇക്കഴിഞ്ഞ ഒക്ടോബർ മാസം 26-ാം തീയതി ഇറാനിൽ നടത്തിയ ബോംബാക്രമണത്തിൽ ടെഹ്റാന്റെ പ്രാന്തപ്രദേശത്തുള്ള ആണവനിലയം തകർത്തതായി ഇസ്രയേലിന്റെ പ്രതിരോധമന്ത്രാലയം വെളിപ്പെടുത്തിയിരുന്നു. സൈനികത്താവളങ്ങളെയോ മിസൈൽവിക്ഷേപണകേന്ദ്രങ്ങളെയോമാത്രമേ ആക്രമിക്കാവൂ എന്ന യു എസ് പ്രസിഡന്റ് ജോ ബൈഡന്റെ നിർദേശമാണ് ബെഞ്ചമിൻ നെതന്യാഹു ലംഘിച്ചത്. ഒക്ടോബർ ഒന്നാം തീയതി ഇസ്രയേലിൽ ഇറാൻ നടത്തിയ മിസൈൽ വർഷത്തിനുള്ള ഈ പ്രത്യാക്രമണത്തിന് ഇസ്രയേൽ 'കനത്ത വില' നല്കേണ്ടിവരുമെന്നുള്ള ഇറാന്റെ പരമോന്നതനേതാവ് ആയത്തൊള്ള ഖമെനെയിയുടെ മുന്നറിയിപ്പും ഭീതി ഉളവാക്കുന്നതാണ്.

അതിനിടെ, രണ്ടാം ലോകയുദ്ധത്തിനുശേഷം ആദ്യമായി റഷ്യൻതലസ്ഥാനമായ മോസ്കോയിലും ഡ്രോൺവഴിയുള്ള മിസൈൽ ആക്രമണങ്ങൾ നടന്നതായി വാർത്താമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. (ഇതിനുമുമ്പ് രണ്ടാം ലോകയുദ്ധകാലത്ത് ജർമനിയാണ് മോസ്കോയിൽ ആക്രമണം നടത്തിയിട്ടുള്ളത്. അമേരിക്കയുമായി ശീതയുദ്ധം ഉണ്ടായിരുന്നെങ്കിലും മോസ്കോ ഒരിക്കലും ആക്രമിക്കപ്പെട്ടിരുന്നില്ല). യുക്രെയ്ൻ അയച്ച 70 ഡ്രോണുകളിൽ 34 എണ്ണം മോസ്കോയിൽ പതിച്ചതായാണ് വാർത്ത. 36 എണ്ണം ആകാശത്തുവച്ചു നശിപ്പിക്കപ്പെട്ടു. 2022 ഫെബ്രുവരി 24 ന് യുദ്ധം ആരംഭിച്ചശേഷം റഷ്യൻ അതിർത്തിക്കുള്ളിൽ നടന്ന ഏറ്റവും വലിയ ഡ്രോൺ ആക്രമണമാണിത്. തങ്ങളുടെ തലസ്ഥാനമായ കീവിൽ റഷ്യ നടത്തുന്ന ആക്രമണങ്ങൾക്കുള്ള തിരിച്ചടിയാണ് ഡ്രോൺ ഉപയോഗിച്ചുള്ള ആക്രമണങ്ങളെന്ന് യുക്രെയ്ൻ സൈനികവൃത്തങ്ങൾ വെളിപ്പെടുത്തി.

### കൈവിട്ട കളി

യുക്രെയ്നെതിരേ ആണവായുധം പ്രയോഗിക്കാനും മടിക്കില്ലെന്ന മുന്നറിയിപ്പോടെ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ റഷ്യയുടെ നിലവിലുള്ള ആണവനയം തിരുത്തി ഉത്തരവിറക്കിയതും ആശങ്ക ജനിപ്പിക്കുന്നുണ്ട്. യുക്രെയ്ൻ യുദ്ധം തുടങ്ങി 1,000 ദിവസം പിന്നിട്ട നവംബർ 20-ാം തീയതിയായിരുന്നു പുടിന്റെ പ്രഖ്യാപനം. റഷ്യയിലെ ബ്രയാൻസ്ക് പ്രവിശ്യയിലുള്ള സൈനികകേന്ദ്രത്തിനുനേരേ അമേരിക്കൻനിർമിത ബാലിസ്റ്റിക് മിസൈലുകൾ യുക്രെയ്ൻ പ്രയോഗിച്ചതാണ് പുടിനെ പ്രകോപിപ്പിച്ചത്. 'അറ്റാകംസ്' ഇനത്തിൽപ്പെട്ട മധ്യദൂരമിസൈലുകൾ 300 കിലോമീറ്റർ ദൂരപരിധിയിലുള്ള ലക്ഷ്യസ്ഥാനം കൃത്യമായി കണ്ടെത്തി ആക്രമിച്ചു നശിപ്പിക്കാൻ കെല്പുള്ളവയാണ്. അറ്റാകംസ് ബാലിസ്റ്റിക് മിസൈലുകൾ പ്രയോഗിക്കാനുള്ള ജോ ബൈഡന്റെ അനുമതിക്കു പിന്നാലെയായിരുന്നു ആക്രമണം. യുക്രെയ്ൻ തൊടുത്തുവിട്ട 6 മിസൈലുകളിൽ 5 എണ്ണവും വെടിവച്ചിട്ടതായി റഷ്യ അവകാശപ്പെട്ടു.

യുക്രെയ്ൻ നഗരമായ നിപ്രോയിലേക്കു ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ തൊടുത്തുവിട്ടുകൊണ്ടായിരുന്നു റഷ്യയുടെ പ്രത്യാക്രമണം. റഷ്യയുടെ ആസ്ട്രഖാൻ പ്രവിശ്യയിൽനിന്നു തൊടുത്തുവിട്ട ഒറേഷ്നിക് മിസൈൽ മണിക്കൂറിൽ 13,000 കിലോമീറ്റർ വേഗത്തിൽ സഞ്ചരിച്ച് 15 മിനിറ്റിനുള്ളിൽ ലക്ഷ്യസ്ഥാനം കണ്ടു. 6 ആണവപോർമുനകൾ വഹിക്കാൻ ഒറേഷ്നിക് മിസൈലിനു ശേഷിയുണ്ട്. തുടർന്ന്, യുക്രെയ്ന്റെ വടക്കുകിഴക്കൻ നഗരമായ സുമിയിലും റഷ്യൻസേന ഷാഹിദ് ഡ്രോണുകളുപയോഗിച്ച് ആക്രമണങ്ങൾ നടത്തി. സുമിയിൽ രണ്ടുപേർ മരിക്കുകയും 12 പേർക്കു പരിക്കേല്ക്കുകയും ചെയ്തു.

### മൂന്നാം ലോകയുദ്ധത്തിന് അരികെ

യുക്രെയ്നിൽ വിന്യസിച്ചിട്ടുള്ള അമേരിക്കൻ/ ബ്രിട്ടീഷ്/ ഫ്രഞ്ച് മിസൈലുകൾ തങ്ങളുടെ രാജ്യത്തിനെതിരേ പ്രയോഗിച്ചാൽ അതു പാശ്ചാത്യസഖ്യം യുദ്ധം പ്രഖ്യാപിച്ചതായി കണക്കാക്കുമെന്ന് പുടിൻ മുമ്പുതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. പരമാധികാരത്തിനോ അഖണ്ഡതയ്ക്കോ ഭീഷണിയുയർന്നാൽ ആണവശക്തിയല്ലാത്ത രാജ്യത്തിനുനേരെയും അണ്വായുധം പ്രയോഗിക്കുന്നതു പരിഗണിക്കുമെന്നാണു പുതിയ ആണവനയം. ആണവാക്രമണമുണ്ടായാൽ തിരിച്ചടിക്കാൻമാത്രമേ അണ്വായുധം പ്രയോഗിക്കൂ എന്ന 2020 ലെ നയമാണ് പുടിൻ തിരുത്തിയത്. ആണവശക്തിയുടെ പിന്തുണയോടെയുള്ള പരമ്പരാഗത ആക്രമണത്തോടും അണ്വായുധംകൊണ്ടു പ്രത്യാക്രമണം നടത്താൻ മടിക്കില്ലെന്ന മുന്നറിയിപ്പുകൂടിയാണ് റഷ്യയുടെ പുതിയ ആണവനയം. (ലോകത്തിലുള്ള അണ്വായുധങ്ങളുടെ 88 ശതമാനവും റഷ്യയും അമേരിക്കയും കൈയടക്കിവച്ചിരിക്കുന്നു). റഷ്യയ്ക്കെതിരേ യു എസ് നിർമിത അറ്റാകംസ് മിസൈലുകൾ പ്രയോഗിച്ചത് അമേരിക്കയുമായി നേരിട്ടുള്ള ഒരു യുദ്ധപ്രഖ്യാപനമായി തങ്ങൾ കാണുമെന്നു റഷ്യൻ പ്രതിരോധവക്താവ് ദിമിത്രി പെസ്കോവ് പറഞ്ഞു. യുക്രെയ്ന് ആയുധസഹായം നല്കുന്ന നാറ്റോ രാജ്യങ്ങളെയും ശത്രുക്കളായേ കാണാൻ കഴിയൂ. യുക്രെയ്നെതിരേയുള്ള സൈനികനടപടികൾ തുടരുമെന്നും വിജയകരമായി പൂർത്തിയാക്കുമെന്നും പെസ്കോവ് കൂട്ടിച്ചേർത്തു. യുക്രെയ്നെ സഹായിക്കുകവഴി ബ്രിട്ടൻ നേരിട്ടു യുദ്ധത്തിന്റെ ഭാഗമായിക്കഴിഞ്ഞതായി യു കെയിലെ റഷ്യൻ അംബാസഡർ ആന്ദ്രെ കെലിൻ കുറ്റപ്പെടുത്തുകയും ചെയ്തു.

റഷ്യ യുക്രെയ്നിലേക്കയച്ച മിസൈൽ ആർ എസ് 26 ഇനത്തിൽപ്പെട്ട ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലായിരുന്നുവെന്നു സംശയിക്കുന്നതായി യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി പറഞ്ഞു. ഇക്കാര്യം സ്ഥിരീകരിച്ച യുക്രെയ്ൻ വ്യോമസേന, മിസൈലിന് 800 കിലോഗ്രാം ആണവായുധം വഹിക്കാൻ ശേഷിയുണ്ടെന്നും വെളിപ്പെടുത്തി. ഭൂഖണ്ഡാന്തരമിസൈലിനുപുറമേ ഹൈപ്പർസോണിക്, ക്രൂയിസ് മിസൈലുകളും റഷ്യ യുക്രെയ്നിലേക്കു തൊടുത്തു. റഷ്യയിലെ കുർസ്ക് മേഖലയിലേക്ക് യുക്രെയ്ൻ ബ്രിട്ടീഷ് നിർമിത ക്രൂയിസ് മിസൈലുകളും തൊടുത്തുവിട്ടു. റഷ്യയിൽനിന്ന് യുക്രെയ്ൻ കൈവശപ്പെടുത്തിയ കുർസ്ക് പ്രവിശ്യ തിരിച്ചുപിടിക്കാനുള്ള പോരാട്ടത്തിൽ റഷ്യൻപടയെ സഹായിക്കാൻ ഉത്തര കൊറിയയിൽനിന്ന് എത്തിച്ച 10,000 സൈനികരും യുദ്ധമുഖത്തുണ്ട്.

റഷ്യയിൽനിന്നുള്ള വ്യോമാക്രമണം കടുപ്പിച്ചതിനെത്തുടർന്ന് കീവിലെ യു എസ് എംബസി അടയ്ക്കുകയും ജീവനക്കാരോടും കീവിലുള്ള യു എസ് പൗരന്മാരോടും സുരക്ഷിതകേന്ദ്രങ്ങളിലേക്കു മാറാൻ നിർദേശിക്കുകയും ചെയ്തു. യുക്രെയ്ന്റെ ആവശ്യപ്രകാരം നാറ്റോ നേതൃത്വം അടിയന്തരചർച്ചകൾക്കായി അംബാസഡർമാരുടെ സമ്മേളനം വിളിച്ചുചേർക്കുന്നുണ്ട്.

ഡൊണാൾഡ് ട്രംപ് യു എസ് പ്രസിഡന്റായി അധികാരമേല്ക്കുന്നതോടെ വെടിനിറുത്തലിനു വ്ളാഡിമിർ പുടിൻ തയ്യാറായേക്കുമെന്നു കരുതപ്പെടുന്നുണ്ട്. അധികാരക്കൈമാറ്റം നടക്കുന്ന ജനുവരി 20 നു മുമ്പ് പിടിച്ചെടുക്കാവുന്നത്ര പ്രദേശങ്ങൾ കൈവശപ്പെടുത്തുകയാണ് പുടിന്റെ ലക്ഷ്യമെന്നാണു വിലയിരുത്തപ്പെടുന്നത്. സന്ധിസംഭാഷണങ്ങൾ പുരോഗമിക്കുമ്പോൾ വിലപേശലിന് അതുപകരിക്കുമെന്ന് രണ്ടു കൂട്ടർക്കും അറിയാം. പിടിച്ചെടുത്ത പ്രദേശങ്ങളിൽനിന്നു പിൻവാങ്ങുകയില്ലെന്നുമാത്രമല്ല, യുക്രെയ്ന് നാറ്റോ അംഗത്വം പാടില്ലെന്ന നിബന്ധനയും പുടിൻ മുമ്പോട്ടുവയ്ക്കുമെന്നാണ് രാഷ്ട്രീയനിരീക്ഷണം.

ഭീകരസംഘടനകളായ ഹമാസും ഹിസ്ബുല്ലയുമായുള്ള ഏറ്റുമുട്ടലുകളിൽ ഇസ്രയേൽ സ്വീകരിച്ചിരിക്കുന്ന നിലപാടും ഇതിനു സമാനമാണെന്നു കാണാൻ കഴിയും. ഗാസമുനമ്പിനെ രണ്ടായി മുറിച്ച് വടക്കൻഗാസയെ ഇസ്രയേലിനോടു കൂട്ടിച്ചേർക്കാനുള്ള പദ്ധതിയുടെ ഭാഗമായി ശേഷിക്കുന്ന പലസ്തീനികളെക്കൂടി അവിടെനിന്ന് ഒഴിപ്പിക്കുന്ന തിരക്കിലാണ് ഇസ്രയേൽ. ട്രംപ് അധികാരത്തിലെത്തുംമുമ്പ് ഈ പദ്ധതി പൂർത്തിയാക്കുമെന്നാണു റിപ്പോർട്ട്.

ഇസ്രയേലിന്റെ വടക്കനതിർത്തിമുതൽ തെക്കൻ ലെബനനിലെ ലിറ്റാനി നദിവരെയുള്ള 29 കിലോമീറ്റർ (18 മൈൽ) ദൈർഘ്യം വരുന്ന ഭൂപ്രദേശങ്ങൾകൂടി കൈവശപ്പെടുത്താനുള്ള നീക്കങ്ങളും ഇസ്രയേൽ നടത്തുന്നുണ്ട്. 2006 ലെ ലെബനൻയുദ്ധം അവസാനിപ്പിക്കുന്നതിനു മധ്യസ്ഥത വഹിച്ച ഐക്യരാഷ്ട്രസംഘടന ഈ ഭൂപ്രദേശം 'ബ്ലൂ സോൺ' ആയി പ്രഖ്യാപിക്കുകയും നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തിരുന്നു. 1701-ാം അനുച്ഛേദപ്രകാരം ബ്ലൂ സോണിൽ രണ്ടു രാജ്യങ്ങൾക്കും പ്രവേശനം അനുവദിച്ചിരുന്നില്ലെങ്കിലും ഹിസ്ബുല്ല ഭീകരർ ബ്ലൂ സോൺ കയ്യടക്കുകയും ഇറാനിൽനിന്നുള്ള ആയുധങ്ങളും മിസൈലുകളും അവിടെ സംഭരിച്ചുവയ്ക്കുകയുമായിരുന്നു. ഈജിപ്തിൽനിന്നുള്ള ആയുധക്കടത്തിനു ഗാസമുനമ്പിനടിയിൽ ഹമാസ് ഭീകരർ നിർമിച്ചിരുന്ന ടണൽശൃംഖലയ്ക്കു സമാനം തെക്കൻ ലബനനിൽനിന്ന് ഇസ്രയേൽ അതിർത്തിയിലേക്കു തുറക്കുന്ന തുരങ്കപാതകളും നിർമിച്ചു. ഹിസ്ബുല്ലയുടെ 'റദ്വാൻ' എന്ന ആക്രമണസേന ഈ തുരങ്കങ്ങളിലൂടെ നുഴഞ്ഞുകയറി 2023 ഒക്ടോബർ ഏഴിലെ ഹമാസ് മോഡൽ ആക്രമണങ്ങൾ ആസൂത്രണം ചെയ്തുവരികയായിരുന്നു. ഹമാസിനെ പിന്തുണച്ചുകൊണ്ട് ഒക്ടോബർ എട്ടുമുതൽ ഹിസ്ബുല്ല ഭീകരർ നടത്തിവന്ന റോക്കറ്റാക്രമണങ്ങളിൽനിന്നു രക്ഷപ്പെട്ട് 63,000 യഹൂദരാണ് വടക്കൻ ഇസ്രയേലിൽനിന്നു പലായനം ചെയ്തത്. ഭാവിയിൽ ഇത്തരം ദുരനുഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് അതിർത്തിയിൽ ഒരു സുരക്ഷിതമേഖല സൃഷ്ടിച്ചെടുക്കുകയും പലായനം ചെയ്തവരെ തിരികെയെത്തിച്ചു പുനരധിവസിപ്പിക്കുകയും ചെയ്യുകയെന്നതും നെതന്യാഹുവിന്റെ ലക്ഷ്യങ്ങളാണ്.

യുക്രെയ്നെ സഹായിച്ചുകൊണ്ടിരിക്കുന്ന അമേരിക്കയെയും ബ്രിട്ടനെയും ആക്രമിക്കാൻ മടിക്കില്ലെന്നു കഴിഞ്ഞ ദിവസം പുടിൻ പ്രഖ്യാപിച്ചത് കൂടുതൽ ഭീതി ജനിപ്പിക്കുന്നു. ആണവായുധങ്ങൾ ഘടിപ്പിച്ച അത്യന്താധുനികമിസൈലുകളുമായി മെഡിറ്ററേനിയൻ കടലിലും ചെങ്കടലിലും പേർഷ്യൻ-ഒമാൻ ഉൾക്കടലുകളിലും റോന്തുചുറ്റുന്ന രണ്ടു രാജ്യങ്ങളുടെയും വിമാനവാഹിനിക്കപ്പലുകളും അന്തർവാഹിനികളും ഏതു സമയത്തും ആക്രമിക്കപ്പെട്ടേക്കാവുന്ന അവസ്ഥയുണ്ട്. യു എസ് എസ് അബ്രാഹം ലിങ്കൺ എന്ന വമ്പൻ യുദ്ധക്കപ്പലും യു എസ് എസ് ജോർജിയ എന്ന കൂറ്റൻ അന്തർവാഹിനിയും ഉൾപ്പെടുന്ന അമേരിക്കയുടെ 5-ാം കപ്പൽപ്പട ഗൾഫ് മേഖലയിൽ യുദ്ധസജ്ജമായി അണിനിരന്നിട്ടുണ്ട്. 25 ലക്ഷം ചതുരശ്രമൈൽ ചുറ്റളവിലുള്ള സമുദ്രമേഖല ഇവയുടെ നിരീക്ഷണത്തിലാണ്.

90 സെക്കന്റുകൾക്കുള്ളിൽ ലോകത്തെ മുഴുവൻ ചുട്ടുചാമ്പലാക്കാൻ കെല്പുള്ള അണ്വായുധങ്ങൾ നമുക്കുചുറ്റും ഉണ്ടെന്നുള്ള യാഥാർഥ്യം വെളിപ്പെടുത്തിയ 'ആറ്റമിക് സയന്റിസ്റ്റ്' എന്ന പ്രശസ്തമായ മാസികയിൽ വന്ന ലേഖനം നടുക്കത്തോടെയാണ് വായിച്ചുതീർത്തത്.

■



വ്ളാഡിമിർ പുടിൻ



വൊളോഡിമിർ സെലെൻസ്കി



ബെഞ്ചമിൻ നെതന്യാഹു



ആയത്തൊള്ള ഖമെനെയി

നേർമൊഴി

# കേരളത്തിലും വേണം ഭരണകാര്യക്ഷമതാവകുപ്പ്



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

**ഒ**രു വർഷം നീണ്ടുനില്ക്കുന്ന ദീർഘവും സങ്കീർണവുമായ പ്രക്രിയയാണ് അമേരിക്കൻ പ്രസിഡന്റു തിരഞ്ഞെടുപ്പ്. എല്ലാവരെയും അതിശയിപ്പിച്ച വമ്പൻഭൂരിപക്ഷത്തോടെയാണ് ഡൊണാൾഡ് ട്രംപ് അമേരിക്കയുടെ നാല്പത്തിയേഴാമതു പ്രസിഡന്റായി 2025 ജനുവരി 20 നു ചുമതലയേല്ക്കുന്നത്. തന്റെ ഭരണം കാര്യക്ഷമമാക്കുന്നതിന് രണ്ട് അതിസമ്പന്നരെ ഉൾപ്പെടുത്തി ഭരണകാര്യക്ഷമതാവകുപ്പ് എന്ന പ്രത്യേക തസ്തിക ഏർപ്പെടുത്തിയിരിക്കുകയാണ്. അവർ മന്ത്രിസഭയുടെ ഭാഗമല്ല. 2026 ജൂലൈ നാലുവരെയാണ് അവരുടെ കാലാവധി. അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ 250-ാം വാർഷികദിനമാണ് 2026 ജൂലൈ നാല്.

ഭരണകാര്യക്ഷമതാസമിതിക്ക് മൂന്നു ചുമതലകളാണു നിർവഹിക്കാനുള്ളത്. ഒന്ന്, സർക്കാരിന്റെ ചെലവുകൾ വെട്ടിക്കുറയ്ക്കുക. രണ്ട്, സർക്കാരിന്റെ ധൂർത്ത് അവസാനിപ്പിക്കുക. മൂന്ന്, ഭരണരംഗത്തെ, പ്രത്യേകിച്ച്, ഓഫീസുകളിലെ കെടുകാര്യസ്ഥതയും ചുവപ്പുനാടയും സാവകാശവും ഒഴിവാക്കുക. ഇതിനായി നിശ്ചയിച്ചിട്ടുള്ളത് അമേരിക്കയിലെ ഏറ്റവും വലിയ സമ്പന്നനായ എലോൻ മസ്കിനെയും വിവേക് രാമസ്വാമിയെയുമാണ്. എലോൻ മസ്ക് അമേരിക്കയിലെമാത്രമല്ല, ലോകത്തിലെ തന്നെ ഏറ്റവും വലിയ സമ്പന്നനാണ്. ഇന്ത്യയിലെ അംബാനിയുടെയും അദാനിയുടെയും സ്വത്ത് ഒരുമിച്ചുചേർത്താലും മസ്കിനു താഴെയായിരിക്കുമെന്നാണ് സാമ്പത്തികറിപ്പോർട്ട്. അദ്ദേഹം ട്രംപിന്റെ പ്രധാനപ്പെട്ട ഇലക്ഷൻ പ്രചാരകനും സാമ്പത്തിസ്രോതസ്സുമായിരുന്നു. അമ്പത്തിമൂന്നുകാരനായ എലോൺ മസ്ക് ദക്ഷിണാഫ്രിക്കയിൽ ജനിച്ച് കാനഡായിലൂടെ കാലിഫോർണിയായിലെത്തി ശതകോടീശ്വരനായ വ്യവസായിയാണ്. സ്പേസ് എക്സ്, ഇലക്ട്രോണിക് കാർ കമ്പനിയായ ടെസ്‌ലാ മുതലായ സംരംഭങ്ങളിലാണ് കൂടുതൽ നിക്ഷേപം.



എലോൺ മസ്ക്



ഡൊണാൾഡ് ട്രംപ്



വിവേക് രാമസ്വാമി

കേരളത്തിൽ കുടുംബവേരുകളുള്ള വിവേക് രാമസ്വാമിയാണ് പ്രസിഡന്റ് ട്രംപിന്റെ ഉപദേശകസമിതിയിലുള്ള രണ്ടാമത്തെ കോടീശ്വരൻ. റിപ്പബ്ലിക്കൻ പ്രസിഡന്റ് സ്ഥാനാർഥിയാകാൻ പ്രൈമറിയിൽ മത്സരിച്ചു പിന്മാറിയ യുവരാഷ്ട്രീയനേതാവുകൂടിയാണ് മുപ്പത്തൊമ്പതുകാരനായ വിവേക് രാമസ്വാമി. ഇവർ രണ്ടു പേരും സമ്പന്നർ മാത്രമല്ല, അതിബുദ്ധിമാന്മാരായ പ്രതിഭാശാലികൾകൂടിയാണെന്നാണ് ഗവേഷണറിപ്പോർട്ട്. പണ്ടു കാലങ്ങളിൽ ബുദ്ധിയുടെ ലക്ഷണവും സാക്ഷ്യവുമായി കരുതിയിരുന്നത് അക്കാദമിക വിഷയങ്ങളിലെ മികവുമാത്രമാണ്. എന്നാൽ, ഇന്ന് 'മൾട്ടിപ്പിൾ' ഇന്റലിജൻസിനെക്കുറിച്ചാണു ചർച്ച ചെയ്യുന്നത്. ഏതു മേഖലയിലും അസാധാരണമികവു പ്രകടിപ്പിക്കുന്നവരെയും അതിബുദ്ധിമാന്മാരായി കണക്കാക്കപ്പെടുന്നു. ഗാനഗന്ധർവൻ കെ.ജെ. യേശുദാസിന്റേത് മ്യൂസിക് ഇന്റലിജൻസായും സച്ചിൻ തെണ്ടുൽക്കറിന്റേത് ക്രിക്കറ്റ് ഇന്റലിജൻസായും എലോൻ മസ്കിന്റേത് ബിസിനസ് ഇന്റലിജൻസായും വിലയിരുത്തുന്നു.

കേരളത്തിലും ഇത്തരത്തിലുള്ള പ്രഗല്ഭരും സത്യസന്ധരും നിർഭയം സാമൂഹികനന്മയ്ക്കായി നിലപാടു സ്വീകരിക്കുന്നവരുമായ അധികാരസമിതിയുടെ സേവനം ആവശ്യമാണ്. അനാവശ്യചെലവുകളും ധൂർത്തും അവസാനിക്കണം. അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാകണം. ചുവപ്പുനാടകൾ അഴിയണം. പദ്ധതികളുടെ നടത്തിപ്പിൽ ഏകോപനമുണ്ടാകണം. ഒരുദാഹരണം മാത്രം ഓർമിക്കാം. നാട്ടിൽ ഒരു റോഡ് ഭംഗിയായി ടാർ ചെയ്തു ലഭിച്ചാൽ അതിനെ ഭാഗ്യമായി കരുതണം. ദീർഘകാലത്തെ കാത്തിരിപ്പിനു ശേഷം നിധിപോലെ ലഭിച്ച ആ സൗഭാഗ്യത്തെ സർക്കാരിന്റെ തന്നെ മറ്റു വകുപ്പുകൾ ഇടപെട്ട് തല്ലിക്കെടുത്തുന്നതാണ് നമ്മുടെ അനുഭവം. പൊതുമരാമത്തുവകുപ്പ് റോഡുനിർമിച്ചാൽ പിറ്റേന്ന് വാട്ടർ അതോറിറ്റിക്കാർ റോഡു കുത്തിപ്പൊളിച്ചു കുളമാക്കും. അവർ മാറിക്കഴിയുമ്പോൾ ഇലക്ട്രിസിറ്റി വകുപ്പ് കേബിളിടാൻ വീണ്ടും റോഡിനെ ആക്രമിക്കും. ടെലിഫോണുൾപ്പെടെയുള്ള സമ്പർക്കമാധ്യമസംവിധാനങ്ങൾ റോഡു കൈയേറാൻ കാത്തുനില്പുണ്ടാകും. ഇത്തരം പ്രവർത്തനങ്ങളെ കർശനമായി നിയന്ത്രിക്കാനും ഏകോപിപ്പിക്കാനും സാധിക്കാത്തിടത്തോളംകാലം ഭരണം ജനോപകാരപ്രദമാവുകയില്ല.

റോഡുകളിൽനിന്നു ഫയലുകളിലേക്കു കടക്കുമ്പോൾ സ്ഥിതി കൂടുതൽ ഗുരുതരമാവുകയാണ്. മുഖ്യമന്ത്രി പിണറായി വിജയൻ കരുത്തനും കർക്കശക്കാരനും കാര്യനിർവഹണത്തിൽ മിടുക്കനുമായിട്ടാണ് അറിയപ്പെട്ടിരുന്നത്. ഒന്നാം പിണറായി മന്ത്രിസഭയുടെ ആദ്യനാളുകളിൽ ജനങ്ങളിൽ പ്രതീക്ഷ ഉണർത്തും വിധമുള്ള ഒരു പ്രസ്താവന അദ്ദേഹം നടത്തി. ഓരോ ഫയലിലും ഓരോ ജീവിതമുണ്ടെന്ന മുന്നറിയിപ്പായിരുന്നു അത്. അതായത്, ഫയൽനീക്കത്തിൽ ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കരുതെന്നർഥം. ഉദ്യോഗസ്ഥരുടെ സഹകരണത്തെ ആശ്രയിച്ചാണ് ഭരണത്തിന്റെ വേഗം. ഒന്നും സംഭവിച്ചില്ല എന്നതാണു സത്യം. അതുകൊണ്ടാണ് കഴിഞ്ഞ ദിവസം എൻ.ജി.ഒ. അസോസിയേഷന്റെ ഡയമണ്ട് ജൂബിലി ആഘോഷവേളയിൽ അദ്ദേഹം ഫയൽനീക്കത്തിന്റെ പോരായ്മകളെക്കുറിച്ചു താക്കീതു രൂപത്തിൽ സംസാരിച്ചത്. താക്കീതും മുന്നറിയിപ്പും ഫലപ്രദമാകുന്നില്ലെങ്കിൽ സർക്കാർ കർശനമായ നടപടികളിലേക്കു കടക്കണം. ■

---




*11-ാം പേജ് തുടർച്ച*

"ഏതായാലും അഡ്മിറ്റായതു നന്നായി. രാത്രി പനി കൂടിയാൽ നോക്കാനാളുണ്ടല്ലോ."

വർഷ സംസാരിച്ചിരിക്കുമ്പോൾ ടെമ്പറേച്ചർ നോക്കാനായി നേഴ്സ് വന്നു. വർഷയെ കണ്ടതും നേഴ്സ് സംശയത്തോടെ നോക്കി.

"വർഷയെന്നാണോ പേര്?"

"അതെ."

'എലിസബത്തു ഡോക്ടറുടെ ആശുപത്രീൽ മുമ്പ് ട്രീറ്റ്മെന്റിനു വന്നിട്ടുണ്ടോ?"

"ഉവ്വ്."

"ഒരബോർഷൻകേസ്?"

"അതെ."

"എന്നെ ഓർമയില്ലേ? അന്ന് ഞാനാ ഹോസ്പിറ്റലിലുണ്ടായിരുന്നു."

"ഓ ഇപ്പം ഓർക്കുന്നു."

അതിനെപ്പറ്റി നഴ്സ് കൂടുതലൊന്നും ചോദിക്കാതിരിക്കാൻ വർഷ എണീറ്റ് വേഗം പുറത്തേക്കിറങ്ങി. അതു കണ്ടപ്പോൾ സൂസമ്മയുടെ നെറ്റി ചുളിഞ്ഞു. എന്തോ കള്ളത്തരമില്ലേ? നേഴ്സ് പോയി കഴിഞ്ഞിട്ടാണ് വർഷ തിരികെ മുറിയിലേക്കു വന്നത്.

"അമ്മേ... ഞാനങ്ങു പൊക്കോട്ടെ? ചെന്നിട്ട് ഇത്തിരി പണിയുണ്ട്. അമ്മ ഇന്നിവിടെ തങ്ങുവല്ലേ?"

"പൊയ്ക്കോ മോളേ. ഞാൻ നോക്കിക്കോളാം. കാന്റീനിൽ പോയി ഫുഡ് കഴിച്ചിട്ടു പൊക്കോ. വീട്ടിലൊന്നും ഇരിപ്പില്ല."

''ഞാൻ വാങ്ങിച്ചോണ്ടു പൊയ്ക്കോളാം അമ്മേ."

ജയേഷിനോടു യാത്ര പറഞ്ഞിട്ട് അവൾ പുറത്തേക്കിറങ്ങി.

''നഴ്സ് അബോർഷന്റെ കാര്യം പറഞ്ഞപ്പോൾ വർഷ പെട്ടെന്ന് ഇറങ്ങിപ്പോയത് അമ്മ ശ്രദ്ധിച്ചായിരുന്നോ?" ജയേഷ് ചോദിച്ചു.

"ഞാനിതിപ്പം നിന്നോടു പറയാൻ തുടങ്ങ്വായിരുന്നു. അബോർഷൻ കേസ് എന്നു കേട്ടപ്പം അവളുടെ മുഖത്ത് പെട്ടെന്ന് ഒരു ഭാവമാറ്റം വന്നതും തിടുക്കപ്പെട്ട് ഇറങ്ങിപ്പോയതും ഞാൻ ശ്രദ്ധിച്ചു. അതിനെപ്പറ്റി നേഴ്സ് വല്ലതും ചോദിച്ചേക്കുമോന്നു ഭയന്നാ അവളിറങ്ങിപ്പോയത്."

"ബാത്റൂമിൽ കാലുതെന്നി വീണ് അബോർട്ട് ആയതാന്നു ഞാനിപ്പം വിശ്വസിക്കുന്നില്ലമ്മേ. അത് അവളും അമ്മയുംകൂടി നമ്മളെ തെറ്റിദ്ധരിപ്പിച്ചതാ."

"എനിക്കും ഇപ്പം അങ്ങനെ തോന്നുന്നു."

''ഇനി നഴ്സ് വരുമ്പോൾ അമ്മ സൂത്രത്തിൽ ഇക്കാര്യമൊന്നു ചോദിക്കണം."

"അവരു പറയ്യോ മോനേ?"

"വർഷ എന്റെ ഭാര്യയാന്നു പറയണ്ട. എന്നെ കാണാൻ വന്ന ഒരു ഫ്രണ്ടാന്നു പറഞ്ഞാൽ മതി. അമ്മ തഞ്ചത്തിൽ ഒന്നു ചോദിക്കണം. സത്യം നമുക്കറിയണം അമ്മേ."

"ചോദിക്കാം മോനേ..."

രാത്രി എട്ടുമണിക്ക് പ്രഷർ നോക്കാനായി നഴ്സ് വീണ്ടും വന്നു. നഴ്സിനോടു കുശലാന്വേഷണം നടത്തിയിട്ട് സൂസമ്മ ചോദിച്ചു:

''സന്ധ്യയ്ക്ക് മോളിവിടെ വന്നപ്പം കണ്ട വർഷയെ എവിടെ വച്ചാ മോൾക്കു പരിചയം?"

''എലിസബത്തു ഡോക്ടറുടെ ആശുപത്രീൽ. അത് ആന്റിയുടെ ആരാ?"

''എന്റെ ആരുമല്ല. ഇവന്റെ കൂടെ ജോലി ചെയ്യുന്ന ഒരു പെണ്ണാ. അവള് അബോർഷൻ നടത്താൻവേണ്ടി വന്നതായിരുന്നു അല്ലേ?"

"അതെ."

"അവളുടെ ഹസ്ബന്റ് അറിയാതെ രഹസ്യമായി ചെയ്തതാ. അതുകൊണ്ടാ കൂടുതലൊന്നും പറയാതെ പെട്ടെന്ന് ഇറങ്ങിപ്പോയത്."

"ആണോ?"

ഡോക്ടർ ഒരുപാട് പറഞ്ഞതാ അബോർട്ട് ചെയ്യണ്ടാന്ന്. ഒരു കുഞ്ഞല്ലേ അതിന്റെ ജീവൻ എടുക്കാൻ ഡോക്ടർക്കു വിഷമമായിരുന്നു. അമ്മയും മകളും കൂടി നിർബന്ധിച്ചിട്ടാ ഡോക്ടർ അതു ചെയ്തത്. ഞാനിതു പറഞ്ഞൂന്ന് ആ പെണ്ണിനോട് പറഞ്ഞേക്കരുതേ."

"ഒരിക്കലുമില്ല."

നേഴ്സ് പോയിക്കഴിഞ്ഞപ്പോൾ സൂസമ്മയും ജയേഷും മുഖത്തോടു മുഖം നോക്കി.

"അവളു നമ്മളെ വഞ്ചിച്ചല്ലോ അമ്മേ. എന്തുമാത്രം നുണ പറഞ്ഞു നമ്മളോട്."

സൂസമ്മ മനസ്സു മരവിച്ചിരുന്നതല്ലാതെ മറുപടി ഒന്നും പറഞ്ഞില്ല."

(തുടരും)

# പാലാ ടൗൺ കുരിശുപള്ളിയിൽ
# അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ
**2024 ഡിസംബർ 1 ഞായർ മുതൽ 8 ഞായർ വരെ**

ജൂബിലിത്തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ!

## പി. ഡി. ജോർജ് & സൺസ്
**പൂവേലിൽ**
**കവീക്കുന്ന് – പാലാ**
PHONE: 9447037247

തിരുനാൾ ആശംസകൾ!
**ഭക്തജനങ്ങൾക്കു സ്വാഗതം**

## ഹോട്ടൽ സംഗം
റിവർവ്യൂ റോഡ്, **പാലാ**
PHONE: 9447100811, 9048571908



WE DEALS IN ALL KINDS OF
AUTOMOTIVE BATTERIES
INVERTERS & TUBULAR BATTERIES
AFFORDABLE PRICES | SALES & SERVICE



SINCE : 1987
**NEW EXPO BATTERY HOUSE**
Vysyamparambil Building, Near Bishop's House, Vellappadu, Pala - 686 575
9447288856, 8547288856

**Sandhya BAKERS**
Municipal Complex Building,
PALA
Mob: 94472 12331
Vadakkel Building
BHARANANGANAM
Mob: 94472 10221
Pulickakkandam Buildings
P.P.Road MURIKKUMPUZHA
Mob: 8281212331 www.sandhyabakers.com

**Sandhya CATERERS**
NEAR K.S.R.T.C.
PALA
Mob: 94952 10331
NEAR PVT. BUS STAND
THODUPUZA
PH: 04862 227222
www.sandhyacaterers.com

തിരുനാൾ ആശംസകൾ!

## J.J. STEELS
Erattupetta Road, Pala
Tel. Off.: 04822-212994, 212574, 212674
Res: 04822-212495, 212295

കുരിശുപള്ളി മാതാവിന്റെ അനുഗ്രഹങ്ങൾക്കു നന്ദിയോടെ
ദശാബ്ദങ്ങളിലൂടെ ആർജിച്ച വളർച്ചയും വിശ്വസ്തതയും



## മണീസ് ടെയ്ലേഴ്സ്
ന്യൂ മുനിസിപ്പൽ ഷോപ്പിങ് കോംപ്ലക്സ്
റിവർവ്യൂ റോഡ്, **പാലാ** Phone: 9447145789
എല്ലാവിധ ജെന്റ്സ് വർക്കുകൾക്കും സമീപിക്കുക...
*Prop: പി.ജി. മണി, പാലാ*

PROPRIETOR
M.S. PHILIPOSE
SINCE : 1978

ജൂബിലിത്തിരുനാളിന് പ്രാർഥനാനിർഭരമായ ആശംസകൾ!

PH: 04822 216365
04822 215409
MOB: 9387115585



## MATHA
**STONE WORKS**
NEAR K.S.R.T.C. BUS STAND, PALA
Email: mathastone@gmail.com
*Tomb works and other Stone works*

ജൂബിലിത്തിരുനാൾ ആശംസകൾ

## G.K. കൺസൾട്ടൻസി
മൂഴയിൽ ബിൽഡിംഗ്, സെന്റ് തോമസ് ഹൈസ്കൂളിനു സമീപം
മെയിൻ റോഡ്, പാലാ. Mob : 9645441406

ലഭ്യമായ സേവനങ്ങൾ:–
- സെക്യൂരിറ്റി • ഹോം നേഴ്സ് • വീട്ടുജോലി • ഹോസ്പിറ്റൽ ബൈസ്റ്റാൻഡർ
- വിദ്യാഭ്യാസയോഗ്യതയ്ക്കനുസരിച്ചുള്ള എല്ലാ ജോലികളും കേരളത്തിനകത്തും പുറത്തും ലഭ്യമാക്കുന്നു

Deepanalam weekly
RNI No : 16998/68
Vol. 57 No. 39 Date of Publication 28 November 2024
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

# പാലാ ടൗൺ കുരിശുപള്ളിയിൽ
# അമലോദ്ഭവമാതാവിന്റെ ജൂബിലിത്തിരുനാൾ
## 2024 ഡിസംബർ 1 ഞായർ മുതൽ 8 ഞായർ വരെ

തിരുനാൾ ആശംസകൾ

Fathima EYE CARE GROUP

**ഫാത്തിമ ഐ ഹോസ്പിറ്റൽ**

പുതിയിടം ബിൽഡിങ്, രാമപുരം റോഡ്,
**പാലാ 7025927280**

ബ്രാഞ്ചുകൾ : തൊടുപുഴ, ആലുവ, പെരുമ്പാവൂർ, തോപ്പുംപടി, തൃശൂർ

ഗ്ലോക്കോമാ, ഡയബറ്റിക് റെറ്റിനോപ്പതി,
കോങ്കണ്ണ് ചികിത്സകൾക്ക് അത്യാധുനിക സ്പെഷ്യാലിറ്റിവിഭാഗം

കുത്തിവയ്പ്പില്ലാതെ
തിമിരത്തെ വെറും
10 മിനിറ്റുകൊണ്ട്
സുഖപ്പെടുത്തുന്നു



രോഗികൾ പതിവായി കഴിക്കുന്ന
ഒരു മരുന്നും നിർത്തേണ്ടതില്ല

തിമിരശസ്ത്രക്രിയയ്ക്ക് ആരോഗ്യഇൻഷുറൻസ് പദ്ധതി
KASP & MEDISEP പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാണ്

പ്രവർത്തനസമയം : 9.00 am to 6.00 pm

N.B. എല്ലാ മാസത്തിലെയും ആദ്യഞായറാഴ്ച സൗജന്യനേത്രപരിശോധനയും
തിമിരശസ്ത്രക്രിയയും ഉണ്ടായിരിക്കുന്നതാണ്.
അന്വേഷണങ്ങൾക്ക് PH : 8086444678, 9645441406

തിരുനാൾ ആശംസകൾ!
എല്ലാവിധ ചികിത്സകളും കുറഞ്ഞ ചെലവിൽ

**SRK HEALTH CENTRE**
Opp. Civil Station, PALA
Ph: 9447275344

വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ
എല്ലാവിധ രോഗങ്ങൾക്കും ചികിത്സ ലഭ്യമാണ്

അലോപ്പതി | ആയുർവേദം | ഹോമിയോ
മർമചികിത്സ | യോഗാ | യോഗാചികിത്സ

ഞങ്ങളുടെ സഹോദരസ്ഥാപനം:
**SRK മെഡിക്കൽ സ്റ്റോർ**
Ph: 9447275344
എല്ലാവിധ ഇംഗ്ലീഷ് – ആയുർവേദ – വെറ്ററിനറി
മരുന്നുകളും നീതിവിലയിൽ
ഇൻസുലിൻ മരുന്നുകൾക്ക് പ്രത്യേക ഡിസ്കൗണ്ട്

തിരുനാൾ ആശംസകൾ



B.A. - All subjects
B.Com- Finance and Taxation
Co-Operation
M.A. - Malayalam, History

1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം

എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിങ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംങ്ങിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.

കേരള ഗവൺമെന്റ് – PSC അംഗീകൃതം

അഡ്മിഷൻ തുടരുന്നു

**+2** SCIENCE COMMERCE HUMANITIES

**6** മാസംകൊണ്ട് **+2, 10**

നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

➢ +2, +1 തോറ്റവർക്കും 10 ജയിച്ചവർക്കും ➢ 6 മാസംകൊണ്ട് +2 കരസ്ഥമാക്കാം ➢ എല്ലാ ഗ്രൂപ്പും. എല്ലാ അംഗീകാരവും ഉണ്ട് ➢ തുടർന്നും പഠിക്കാം ➢ ലളിതമായ സിലബസ് ➢ 5 വിഷയങ്ങൾ പഠിച്ചാൽ മതി ➢ 14 വയസ്സ് തികഞ്ഞ ആർക്കും 10 എഴുതാം

റെക്കോർഡ് ഓൺലൈൻ വീഡിയോ ക്ലാസുകൾ

34 വർഷമായി വിവിധ കോഴ്സുകളിലായി പതിനായിരക്കണക്കിനു വിദ്യാർഥികളെ വിജയിപ്പിച്ച് കോട്ടയം ജില്ലയിൽ റെക്കോർഡ് സ്ഥാപിച്ച സ്ഥാപനം. വിദ്യാർഥികളുടെ എണ്ണത്തിലും വിജയത്തിലും ഒന്നാമത്.

Regular, Holiday, Postal & Online Classes

35 വർഷത്തെ സേവനപാരമ്പര്യം

**നവഭാരത് കോളേജ്**

മരിയൻ ഹോസ്പിറ്റൽ Jn., അരുണാപുരം പി. ഒ. പാലാ
Govt.V.H.S.S. ന് സമീപം പൊൻകുന്നം
Ph: 9495195739, 9495021259

ഉയർന്ന വിജയശതമാനം ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

+ 2 പരാജിതർക്ക് 3 വിഷയം മാത്രം

കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org